ജോയ്സ് മേയർ

# ഹൃദയം തകർന്നവർക്ക് സൗഖ്യം



ദൈവവചനത്തിന്റെ
ശക്തിയാലുള്ള
ഉദ്ധാരണം അനുഭവിക്കുക

# ഹൃദയം
# തകർന്നവർക്ക് സൗഖ്യം

# ഹൃദയം തകർന്നവർക്ക് സൗഖ്യം

## ദൈവവചനത്തിന്റെ ശക്തിയാലുള്ള ഉദ്ധാരണം അനുഭവിക്കുക

ജോയ്സ് മേയർ

JOYCE MEYER
MINISTRIES ®

Sharing Christ – Loving People

Plot No. 512/B, Road No. 30, Jubilee Hills, Hyderabad - 500 033

Unless otherwise indicated, all Scripture quotations are taken from the *The Amplified Bible* (AMP). *The Amplified Bible, Old Testament* copyright © 1965, 1987 by The Zondervan Corporation. *The Amplified New Testament,* copyright © 1954, 1958, 1987 by The Lockman Foundation. Used by permission.

Copyright © 2016 by Joyce Meyer Ministries - Asia

All rights reserved. No part of this publication may be reproduced, distributed, or transmitted in any form or by any means, or stored in a database or retrieval system, without the prior written permission of Joyce Meyer Ministries - Asia.

Joyce Meyer Ministries - Asia
Plot No. 512/B, Road No. 30,
Jubilee Hills, Hyderabad - 500 033

Phone: +91-40-2300 6777
Website: www.jmmindia.org

Healing the Brokenhearted - *Malayalam (R1 - 2016)*
*Experience Restoration Through the Power of God's Word.*

*Printed at:*
Caxton Offset Pvt. Ltd.
Hyderabad - 500 004

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം: ദൈവവചനം | vii |
| 1. | ദൈവ സ്നേഹം അനുഭവിക്കുക | 1 |
| 2. | നിങ്ങളുടെ ഭാവിയെ കുറിച്ചു നിശ്ചയമുള്ളവരായിരിക്കുക | 15 |
| 3. | ക്രിസ്തുവിലുള്ള നിങ്ങളുടെ നീതിയെ കുറിച്ചറിയുക | 27 |
| 4. | നിങ്ങളുടെ ജീവിതത്തിലെ ഭയത്തിന്മേൽ വിജയം കൈവരിക്കുക | 41 |
| പര്യവസാനം: ഉറച്ചു നിൽപ്പിൻ! | | 53 |
| തിരുവെഴുത്തിൻ പ്രകാരമുള്ള ഏറ്റുപറച്ചിൽ | | 55 |
| | മുഖവുര: ദൈവവചനം | 55 |
| | ദൈവ സ്നേഹം | 57 |
| | നിങ്ങളുടെ ഭാവി | 62 |
| | ക്രിസ്തുവിൽ നിങ്ങളുടെ നീതി | 68 |
| | ഭയത്തെ അതിജീവിക്കുന്നു | 73 |
| | ഉറച്ചു നിൽക്കുന്നു | 78 |
| പ്രസ്താവ്യം | | 80 |
| രക്ഷിക്കപ്പെടുവാനുള്ള പ്രാർത്ഥന | | 81 |
| ഗ്രന്ഥകർത്താവിനെ കുറിച്ച് | | 83 |

# ആമുഖം:
# ദൈവവചനം

❤ *അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി, അവരുടെ കുഴികളിൽനിന്ന് അവരെ വിടുവിച്ചു.*

സങ്കീർത്തനം 107:20

ദൈവവചനം നമ്മെ സൗഖ്യമാക്കുകയും, വിടുവിക്കയും, ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

ദൈവവചനം നിന്നെ രൂപാന്തരപ്പെടുത്തും. സങ്കീ 1:1-3ൽ ദൈവവചനത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ആറ്റിരകത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയാകുന്നു, അവൻ ചെയ്യുന്നതൊക്കെയും സാധിക്കും എന്നാണ് ദാവീദ് പറഞ്ഞിരിക്കുന്നത്. ഉറപ്പായി നട്ടിരിക്കുന്നതു സുദൃഢമായിരിക്കും.

നിങ്ങൾക്കും ഉറപ്പുള്ളവരാകാം, നിങ്ങൾ ചെയ്യുന്നതും എല്ലാം സാധിക്കും. ചെയ്യേണ്ടവിധം ദൈവവചനത്തെ ധ്യാനിച്ചു ചെയ്യണമെന്നു മാത്രം.

ധ്യാനിക്കുക എന്നാൽ അയവിറക്കുക എന്നാണ്. ദൈവവചനത്തെ ആവർത്തിച്ചാവർത്തിച്ചു വായിച്ചും ചിന്തിച്ചും മനഃപ്പാഠമാക്കിയും സൂക്ഷിക്കുന്ന രീതിയാണിത്. ദൈവം തന്റെ ദാസനായ യോശുവയോടു കല്പിച്ചു:

> ❤ *ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുതു, അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം; എന്നാൽ നിന്റെ പ്രവർത്തി സാധിക്കും; നീ കൃതാർത്ഥനാകും.*
>
> യോശുവ 1:8

ആവർത്തനം 30:14ൽ പറഞ്ഞിരിക്കുന്നു; ❤ "*നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്കു ഏറ്റവും സമീപത്ത്, നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു.*"

യെശയ്യാവ് 55:11ൽ കർത്താവിന്റെ വാഗ്ദത്തം കാണാം: ❤ "*എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും, അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങി വരാതെ എനിക്കു ഇഷ്ടമുള്ളതു നിവൃത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും.*"

2 കൊരി. 3:18ൽ അപ്പൊസ്തലനായ പൗലൂസു പഠിപ്പിക്കുന്നു: *ദൈവവചനത്തിൽ കൂടെ നാം ദൈവ തേജസിനെ കാണുകയും നമുക്കു രൂപാന്തരം വരികയും ചെയ്യുന്നു; അങ്ങനെ തേജസ്സിന്റെ പങ്കാളികളാകുന്നതിനാൽ നമുക്കു വേണ്ടിയുള്ള*

*ദൈവത്തിന്റെ തേജസ്സേറിയ പദ്ധതിയെ കാണാനും വിശ്വസിക്കു വാനും കഴിയുന്നു.*

ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമുക്കുവേണ്ടി ഒരു നല്ല പദ്ധതി, തേജസ്സേറിയ പദ്ധതി ഒരുക്കിയിട്ടുണ്ട്. എഫെസ്യ ലേഖനം ഒന്നാം അദ്ധ്യായത്തിൽ പൗലൂസു പറയുന്നു, "ദൈവം നിന്നോടു കാണിച്ച മഹാ സ്നേഹം മൂലം രക്ഷയുടെ സംപൂർണ്ണ പദ്ധതി ക്രിസ്തുയേശു മുഖാന്തരം നമുക്കു വെളിപ്പെടുത്തി തന്നു."

ഇതിന്റെ അർത്ഥം ദൈവം നിങ്ങളെ സ്നേഹിക്കയും അതിമ നോഹരവും തേജസുള്ളതുമായ ഒരു പദ്ധതി നിങ്ങളുടെ ജീവിത ത്തിനായി ഒരുക്കിയിരിക്കുന്നു, എന്നാൽ, അതു നിങ്ങൾ വിശ്വസിക്കുകയും ഏറ്റു പറകയും വേണം.

ദൈവീക പദ്ധതിയെ തകർക്കാൻ സാത്താൻ ശ്രമിച്ചു, നിങ്ങളുടെ ജീവിതം ഫലശൂന്യമാണെന്നു കാണിക്കാൻ അവൻ വൃഥാശ്രമം തുടർന്നു. എന്തിന്? എന്തുകൊണ്ടെന്നാൽ നിങ്ങൾ ദൈവത്താൽ സ്നേഹിക്കപ്പെട്ടവനാണെന്നു വിശ്വസിക്കാതിരിക്കു ന്നതിനായിട്ടായിരുന്നു. സാത്താന് അറിയാം നിങ്ങൾ തുടർച്ചയായി ദൈവവചനം കേൾക്കയും അതു നിങ്ങളുടെ ആന്തരീക ജീവന്റെയും, ചിന്താമണ്ഡലത്തിന്റേയും ഭാഗമായാൽ അതു നിങ്ങളിൽ മാറ്റം വരുത്തും, അതു സംഭവിക്കാൻ അവൻ അനുവദിക്കയില്ല.

അതുകൊണ്ടാണ് ഞാൻ ഈ പുസ്തകം എഴുതിയത്. ഇതിൽ ഉൾക്കൊണ്ടിരിക്കുന്ന ദൈവവചനങ്ങൾ തീർച്ചയായും നിങ്ങളുടെ വ്യക്തിത്വത്തിനു മാറ്റം വരുത്തി വർത്തമാനം, ഭാവി കാലങ്ങൾ ശോഭനമാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബൈബിളിൻപ്രകാരം നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവസ്വരൂപത്തിലാണ് (ഉല്പ: 1:27) ആകയാൽ ദൈവം നിങ്ങളെ കുറിച്ചു പറയുന്ന കാര്യങ്ങൾ വിശ്വസിച്ചാൽ നിങ്ങളുടെ മനോഭാവത്തിനും അഭിപ്രായങ്ങൾക്കും മാറ്റം വരും. നിങ്ങളോടുതന്നെ ഇപ്രകാരം ചോദിക്കുക, ഞാൻ എന്നെക്കുറിച്ച് എന്താണു ചിന്തിക്കുന്നത്? എന്നെക്കുറിച്ചു എനിക്കുള്ള അഭിപ്രായം എന്താണ്? എന്നിട്ട് ദൈവം എന്നെ കുറിച്ച് എന്താണു ചിന്തിക്കുന്നത്? എന്നെ കുറിച്ചു ദൈവത്തിനുള്ള അഭിപ്രായമെന്താണ്? എന്നറിയുക.

ദൈവം നിങ്ങളെ കുറിച്ചു ചിന്തിക്കുന്നതും പറയുന്നതും എന്താണെന്ന് അവന്റെ വചനത്തിൻകൂടെയാണ് അറിയുന്നത്. തിരുവെഴുത്തിൻ പ്രകാരമുള്ള ഏറ്റു പറച്ചിൽ എന്ന അദ്ധ്യായം നിങ്ങളും ദൈവവുമായുള്ള ഉടമ്പടിയിലേക്കു നയിക്കും, ഒരിക്കലും ശത്രുവുമായി കരാർ ചെയ്യേണ്ടി വരികയില്ല. ചിലപ്പോൾ നിങ്ങളുടെ ജീവിതകാലം മുഴുവൻ പിശാച് നുണപറയുകയും നിങ്ങൾ അതു വിശ്വസിക്കുകയും ചെയ്തിരിക്കാം. എന്നാൽ ഇപ്പോൾ ദൈവ ദൈവത്തിൽ വിശ്വസിക്കാനുള്ള സമയം ആയി.

യോഹ. 17:17ൽ യേശു പറഞ്ഞു "*ദൈവവചനം സത്യമാകുന്നു.*" യോഹ. 8:32ൽ അവൻ പറഞ്ഞു. "*ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കും.*" കൂടാതെ അതു നിങ്ങളുടെ ജീവിതത്തെയും പ്രകൃതത്തെയും രൂപാന്തരപ്പെടുത്തും. അതുകൊണ്ടാണ് നിങ്ങൾ അതു വായിക്കണം, പഠിക്കണം, ധ്യാനിക്കണം, അങ്ങനെ അതിനെ നിങ്ങളുടെ ഉള്ളിലാക്കണം എന്നൊക്കെ പറഞ്ഞിരിക്കുന്നത്.

ക്രിസ്തുവിൽ നിങ്ങൾക്കു ആശ്രയിക്കാം, സന്തോഷപൂർണ്ണനാകാം, വിജയിയും വിശ്വസ്തനുമാകാം. ദൈവത്തിന്റെ ഒരു സ്നേഹി

തനാകാം, ദൈവമുഖം അന്വേഷിക്കുന്നവനാകാം (ഐ വിൽ ചെയിഞ്ച് യുവർ നെയിം എന്ന പാട്ടിന്റെ അടിസ്ഥാനമാക്കിയുള്ളത്)

നിങ്ങളെക്കുറിച്ചു ദൈവവചനത്തിൽ പറയുന്ന കാര്യങ്ങൾ ഏറ്റു പറയുക.

ദൈവം നിങ്ങളുടെ ജീവിത്തിൽ പ്രവർത്തിച്ചു തുടങ്ങും. അവൻ നിങ്ങളുടെ തകർന്നതും, മുറിവേറ്റതും, ദൈവത്തിന്റെ സ്നേഹിതൻ ആയിരിക്കാൻ കഴിയാത്തതുമായ അവസ്ഥയ്ക്കു മാറ്റം വരുത്തി ദൈവത്തെ സ്നേഹിപ്പാനും ദൈവസ്നേഹം അനുഭവിപ്പാനും യോഗ്യരാക്കും.

യെശയ്യാവ് 61:1-3ൽ വായിക്കുന്നു.

> ❤ *എളിവനോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും (ശാരീരികവും ആത്മീകവുമായത്), യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരവർഷവും പ്രസിദ്ധമാക്കുവാനും, ദുഃഖിതന്മാരെ ഒക്കെയും ആശ്വസിപ്പിപ്പാനും, സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും (പൂമാലയും, കിരീടവും) ദുഃഖത്തിനു പകരം ആനന്ദതൈലവും, വിഷണ്ഡ മനസ്സിനു (ഭാരമേറിയ, ക്ഷീണിച്ച ആത്മാവ്) പകരം സ്തുതി എന്ന മേലാടയും കൊടു*

*പ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ മഹത്വീകരിക്കപ്പെടേണ്ടതിനു അവർക്കു നീതി വൃക്ഷങ്ങൾ (ഉയർന്നതും, ഉജ്ജ്വലമായതും, നേരിനും, ന്യായത്തിനുമായി വേർതിരിച്ചതും ദൈവത്തോടു കൂടെ നിൽക്കുന്നതും) യഹോവയുടെ നടുതല എന്നും പേരാകും.*

അതെ, ദൈവം നിന്നെ രൂപാന്തരപ്പെടുത്തുന്നു. അവൻ നിന്റെ സ്വഭാവത്തെ മാറ്റുന്നു, നിന്റെ ജീവിതത്തെ പുതുക്കുന്നു. ദൈവം നിന്നെ സ്നേഹിക്കുന്നു. നീ ഒരു വിശേഷമനുഷ്യനാണ്, നീ ദൈവത്താൽ സ്നേഹിക്കപ്പെടുന്നത് ശത്രുവിനു ഇഷ്ടമല്ല, എങ്കിലും ദൈവം ആഗ്രഹിക്കുന്നു. വരുന്ന പേജുകളിൽ നിങ്ങൾ പഠിക്കുവാൻ പോകുന്ന ദൈവസ്നേഹത്തെ കുറിച്ചു ഉറപ്പു പ്രാപിക്കുക മാത്രമല്ല പിന്നയോ നിങ്ങളുടെ ഭാവിയെക്കുറിച്ചു ക്രിസ്തുവിൽ നിങ്ങളുടെ നീതീകരണത്തെയും നിങ്ങളുടെ അനുഗ്രഹങ്ങൾ കവർന്നു കളയുന്നതു. ഭയത്തിന്മേലുള്ള ജയജീവിതത്തെകുറിച്ചും, നിങ്ങൾക്കായുള്ള ദൈവീക പദ്ധതിയെ കുറിച്ചും ഉറപ്പു പ്രാപിക്കണം എന്നാണ്.

വ്യർത്ഥമായി മടങ്ങാതെ അയച്ച കാര്യം സാധിപ്പിക്കയും, ദൈവ ഇഷ്ടം നിങ്ങളുടെ ജീവിതത്തിൽ നിറവേറ്റുകയും ചെയ്യുന്ന ദൈവ വചനം സംസാരിക്കാൻ പഠിക്കുന്നതിലൂടെ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# 1

# ദൈവ സ്നേഹം അനുഭവിക്കുക

*❤ നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനൊ ജീവനൊ ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൻനിന്നു നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.*

*ഈ ഭാഗത്തു അപ്പൊസ്തലനായ പൗലൂസ് പറയുന്നതു നമ്മുടെ ജീവിത്തിനു വിപരീതമായി എന്തെല്ലാം വന്നാലും നമ്മെ സ്നേഹിച്ചു നമുക്കു വേണ്ടി തന്റെ ജീവനെ തന്ന ക്രിസ്തുമൂലം അതിന്മേലൊക്കെയും അത്യന്ത വിജയം നമുക്കാണ്.*

റോമർ 8:37-39

യോഹന്നാൻ 3:16 ൽ യേശു സ്വയം പറഞ്ഞു; ❤“*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന (ആശ്രയിക്കുന്ന, പറ്റിചേർന്നു, ചാരുന്ന) ഏവനും നശിച്ചു (നഷ്ടപ്പെട്ടു) പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (അത്യധികമായി, വിലമതിച്ചു).*”

യേശു നിങ്ങളെ വ്യക്തിപരമായി സ്നേഹിക്കുന്നു, ആ സ്നേഹ ത്തിന്റെ ആധിക്യത്തിലാണ് ലോകത്തിൽ നിങ്ങൾ ഒരാൾ മാത്രം എന്നു കരുതി അവൻ തന്റെ ജീവനെ ഓരോരുത്തർക്കായി നല്കിയത്.

കർത്താവിന്റെ പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാൻ പറഞ്ഞി രിക്കുന്നതു: ❤“*സ്നേഹത്തിൽ ഭയമില്ല, ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ (ഭയം ശിക്ഷാവിധിയുടെ ചിന്തയെ കൊണ്ടുവരുന്നു). തികഞ്ഞ സ്നേഹം (പൂർണ്ണ വളർച്ചയെത്തിയത്, സംപൂർണ്ണമായത്) ഭയത്തെ പുറത്താക്കി കളയുന്നു (ഭയത്തെയും ഭീതിയുടെയും ഭരണത്തെ വാതിലിനു പുറത്താക്കുന്നു)*”

ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.

(പ്രായപൂർത്തിയിലെത്തിയില്ല, സംപൂർണ്ണതയിലെത്തിയില്ല) 1 യോഹ 4:18, നമ്മുടെ ഹൃദയത്തിൽ ഭയം നിലനിൽക്കുന്നെങ്കിൽ അതു ദൈവം നിങ്ങളെ അത്യധികം സ്നേഹിക്കുന്നു എന്നറിയാൻ കഴിഞ്ഞിട്ടില്ലന്നതിന്റെ സൂചനയാണ്.

ദൈവസ്നേഹത്തിന്റെ വ്യാപ്തി മനസ്സിലാകുമ്പോൾ ഭയം വാടി വീഴുകതന്നെ ചെയ്യും.

യോഹന്നാൻ 16:27 ൽ യേശു പറഞ്ഞു: ❤“*ഞാൻ പിതാവിന്റെ*

*അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ടു പിതാവു താനും നിങ്ങളെ സ്നേഹിക്കുന്നു.*"

ദൈവം നിങ്ങൾക്കുവേണ്ടി കരുതുന്നു എന്നു വിശ്വസിക്കാൻ പ്രയാസമുണ്ടോ?

ദീർഘവർഷങ്ങൾ ദൈവസ്നേഹത്തെ സ്വീകരിക്കുവാൻ എനിക്കു കഴിഞ്ഞില്ല, എനിക്കതിനുള്ള യോഗ്യതയില്ലെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ ഇപ്പോൾ ഞാനറിയുന്നു എന്റെ അയോഗ്യതയിലും അവൻ എന്നെ സ്നേഹിക്കുന്നുണ്ടെന്ന്.

യോഹന്നാൻ 14:21 ൽ വീണ്ടും യേശു ഓർമ്മപ്പെടുത്തുന്നു; ❤ "*എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുവൻ എന്നെ (യഥാർത്ഥമായി) സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന് എന്നെ തന്നെ വെളിപ്പെടുത്തും. (ശരിയായി പ്രത്യക്ഷമാകും)*"

യേശു അവനെ താൻ ആയിരിക്കും പ്രകാരം നമുക്കു കാണിച്ചു തരാൻ ആഗ്രഹിക്കുന്നു.

അനുസരണം യഥാർത്ഥ സ്നേഹത്തിന്റെ ഫലമാണ്, എന്നിരുന്നാലും ഒന്നാമത് അവന്റെ സ്നേഹം അനുഭവിക്കാത്തിടത്തോളം നിനക്കവനെ സ്നേഹിപ്പാൻ കഴിയുന്നതല്ല. നിന്റെ നല്ല സ്വഭാവം കൊണ്ടൊ, നല്ല പ്രവർത്തികൾ കൊണ്ടോ വിലയ്ക്കു വാങ്ങുവാനോ, നേടിയെടുപ്പാനോ കഴിയുന്ന ഒന്നല്ലത്. ദൈവ സ്നേഹം ഒരു സൗജന്യ ദാനമാണ്. അതിനു വ്യവസ്ഥകളില്ല. അതു കാൽവറി ക്രൂശിൽ യേശു ചെയ്ത ബലിയിൽ കൂടെയാണു വരുന്നത്.

ഇപ്പോൾ തന്നെ ദൈവസ്നേഹത്തെ പ്രാപിക്കുക. അവന്റെ സന്നിധിയിലിരുന്ന് ഇപ്രകാരം പറയുക, "ഞാൻ വിശ്വസിക്കുന്നു നീ എന്നെ സ്നേഹിക്കുന്നുവെന്ന്, കർത്താവെ, ഞാൻ സ്നേഹത്തെ സ്വീകരിക്കുന്നു." 1 യോഹ: 4:19ൽ നാം വായിക്കുന്നു. ❤ *"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു."*

ഒരു പക്ഷെ കഴിഞ്ഞ കാലങ്ങളിൽ ഞാൻ ചെയ്തിരിക്കുന്നതു പോലെ നിങ്ങളും ഇതിനെ പുറകോട്ടു വായിക്കുന്നവരായിരിക്കാം. നിങ്ങൾ ദൈവത്തെ സ്നേഹിക്കാൻ പരിശ്രമിച്ച് അവനുവേണ്ടി നല്ല പ്രവർത്തികൾ ചെയ്കയും, ഇതിനു പകരമായി അവൻ നിങ്ങളെ ധാരാളമായി സ്നേഹിക്കണമെന്നാശിക്കയും ചെയ്യുന്നുണ്ടായിരിക്കും. എന്നാൽ എന്താണു 1 യോഹ. 4:19 പറയുന്നതു: ❤ *"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നാം അവനെ സ്നേഹിക്കുന്നത്."* ദൈവ സ്നേഹത്തെകുറിച്ചു പൂർണ്ണ ഉറപ്പുണ്ടായിരുന്നതിനാലാണ് സങ്കീ. 36:7 ൽ ദാവീദ് ഇപ്രകാരം പറഞ്ഞത്. ❤ *"ദൈവമേ നിന്റെ ദയ (ദൃഢതയുള്ള സ്നേഹം) എത്ര വിലയേറിയത്; മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു (അഭയം കണ്ടെത്തുകയും ആശ്രയം വയ്ക്കുകയും ചെയ്യുന്നു.)"*

സങ്കീ. 139 നിങ്ങളോടു പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ദൈവവുമായി ബന്ധപ്പെടുന്നതിനു ദാവീദിനു ഒരു പ്രത്യേക രീതി ഉണ്ടായിരുന്നു. അവന്റെ മാതൃകയെ പിൻപറ്റുന്നതു നമുക്കും നല്ലതാണ്. ഈ സങ്കീർത്തനം നിങ്ങളുടെ വായ്കൊണ്ട് ഏറ്റു ചൊല്ലുക.

*❤ യഹോവേ നീ എന്നെ ശോധന ചെയ്ത് (ഹൃദയത്തെ) അറിഞ്ഞിരിക്കുന്നു (എന്നെ കുറിച്ചുള്ളതെല്ലാം) ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു; എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. (ഞാൻ എവിടെ നിൽക്കണം, എവിടെ വിശ്രമിക്കേണമെന്ന് മുന്നമേ തയ്യാറാക്കിയ ചാർട്ട് എന്നെ അറിയിക്കുന്നു) എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു (ഓരോ നിമിഷവും ഞാൻ എവിടെയാണെന്നു നീ അറിയുന്നു) യഹോവേ നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. (ഞാൻ സംസാരിക്കുന്നതിനു മുന്നമേ ഞാൻ എന്തു പറയാൻ പോകുന്നു എന്നു നീ അറിയുന്നു) നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെമേൽ വച്ചിരിക്കുന്നു.*

*ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമായിരിക്കുന്നു. (എനിക്കു വിശ്വസിപ്പാൻ കഴിയുന്നതിലും അതി മനോഹരവും തേജസ്സേറിയതും ആകുന്നു) അതു എനിക്കു ഗ്രഹിച്ചു കൂടാതെവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു എവിടെ പോകും (എനിക്കൊരിക്കലും നിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തി കഴിയാൻ സാധിക്കുകയില്ല) തിരുസന്നിധിവിട്ട് ഞാൻ എവിടെ പോകും? (എന്റെ ദൈവത്തിൽനിന്ന് അന്യപ്പെട്ട് ജീവിപ്പാൻ ഒരിക്കലും കഴികയില്ല)*

*ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്ക് ഘനമേറിയവ (വിലയേറിയവ) അവയുടെ ആകെതുകയും എത്ര വലിയത്? (നീ എന്നെ കുറിച്ചു നിരന്തരമായി ചിന്തിക്കുന്നു എന്നു ഞാൻ അറിയുന്നു. ഒരു ദിവസം എത്ര പ്രാവശ്യം എന്നക്കുറിച്ചു നിരന്തരമായി ചിന്തിക്കുന്നു എന്നു ഞാൻ അറിയുന്നു. ഒരു ദിവസം എത്ര പ്രാവശ്യം എന്നെ കുറിച്ചു ചിന്തുക്കുന്നു എന്നു എണ്ണുവാൻ പ്രയാസം) അവയെ എണ്ണിയാൽ മണലിനേക്കാൾ അധികം. ഞാൻ ഉണരുമ്പോൾ (പ്രഭാതത്തിൽ) ഇനിയും നിന്റെ അടുക്കൽ ഇരിക്കുന്നു. (നീ പിന്നെയും എന്നെക്കുറിച്ചു വിചാരിക്കുന്നു!)* സങ്കീ. 139:1-7;17,18

എത്രയോ ശക്തം!

ഇതു ദൈവം നമ്മോടു കൃപ കാണിക്കാൻ താമസിക്കുന്നു അഥവാ കാത്തിരിക്കുന്നു എന്നാണ് യെശയ്യാ പ്രവാചകൻ പറഞ്ഞിരിക്കുന്നത്: ❤ *"അതുകൊണ്ട് യഹോവ നിങ്ങളോടു കൃപകാണിപ്പാൻ താമസിക്കുന്നു (കാത്തിരിക്കുന്നു, പ്രതീക്ഷിക്കുന്നു, ആശയോടെ നോക്കി പാർക്കുന്നു). അതുകൊണ്ട് അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു. (അവൻ സ്വയം ഉയർന്നിരിക്കയും നിങ്ങളോടു കരുണയും ദയയും കാണിപ്പാൻ താമസിക്കുകയും ചെയ്യുന്നു) യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ (അവന്റെ ദയ, പ്രസാദം, സ്നേഹം, സമാധാനം, സന്തോഷം അതുല്യവും നിലനിൽക്കുന്നതുമായ കൂട്ടായ്മ എന്നിവയ്ക്കായും പ്രതീക്ഷയോടെ നോക്കി പാർക്കുന്നവർ)"* (യെശ. 30:18)

ഇതിനെക്കുറിച്ചു ചിന്തിക്കുക; നിങ്ങൾ അവനു വിശേഷപ്പെട്ട വരാകയാൽ അവൻ നിങ്ങളെ സ്നേഹിക്കയും നിങ്ങളോടൊത്തു സമയം ചിലവഴിക്കാൻ ആഗ്രഹിക്കയും ചെയ്യുന്നു. ദൈവം നിങ്ങളെ അത്യധികം സ്നേഹിക്കയാൽ നിങ്ങളുടെ അലച്ചിലിന്റെ നാളുകളെ എണ്ണുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു.

നിങ്ങളുടെ കണ്ണുനീർ ഒരു തുരുത്തിയിലാക്കി വയ്ക്കുകയും തന്റെ പുസ്തകത്തിൽ കുറിച്ചു വയ്ക്കുകയും ചെയ്യുന്നു. (സങ്കീ. 56:8)

യോഹ. 14:18 ൽ യേശു തന്റെ ശിഷ്യന്മാരോടായി പറഞ്ഞു. ❤ "*ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല (ആശ്വാസമില്ലാത്ത വരും, ശൂന്യരും, മരണ ദുഃഖം അനുഭവിക്കുന്നവരും ഏകാകി കളും ആയി) ഞാൻ നിങ്ങളുടെ അടുക്കൽ വരും.*"

സങ്കീർത്തനം 27:10 ൽ ദാവീദ് പറഞ്ഞു: ❤ "*എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു. എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും. (തന്റെ മകനായി എന്നെ ദത്തെടുത്തിരിക്കുന്നു)*"

ഒരുപക്ഷേ മറ്റുള്ളവർ ആഗ്രഹിക്കയും അന്വേഷിക്കയും ചെയ്യുന്ന പ്രകൃത്യാ ഉള്ള സ്നേഹം നിങ്ങൾക്കു ലഭിച്ചിട്ടില്ലായി രിക്കാം; അല്ലെങ്കിൽ നിങ്ങളുടെ കുടുംബം നിങ്ങളെ മറന്നിരിക്കാം, എന്നാൽ ഇന്നു ദൈവം ആഗ്രഹിക്കുന്നത് അവന്റെ സ്നേഹം എത്ര ശക്തവും ബലവത്തായതും ആകുന്നു എന്നും മറ്റുള്ളവരുടെ സ്നേഹത്തെക്കാൾ അതിരുകവിഞ്ഞതുമാകുന്നു എന്നു നിങ്ങൾ അറിയണമെന്നാകുന്നു. അവൻ നിങ്ങളെ ആശ്വസിപ്പിക്കുകയും നിങ്ങളുടെ തകർന്ന ഹൃദയത്തെ സൗഖ്യ മാക്കുകയും ചെയ്യട്ടെ.

നിങ്ങൾ ദൈവഭവനത്തിലേക്കു ദത്തെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിങ്ങൾ അവന്റെ മക്കളാണ്. അവൻ നിങ്ങളെ സ്നേഹിക്കുന്നു.

എഫെസ്യർ 3:17-19 ൽ അപ്പൊസ്തലനായ പൗലൂസ് എനിക്കുവേണ്ടിയും നിങ്ങൾക്കായും പ്രാർത്ഥിക്കുന്നു:

> ❤*ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും (സ്ഥിരവാസത്തിനുള്ള ഭവനമാകുക)....നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവനായി, വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടെ കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു (ദൈവസാന്നിദ്ധ്യത്തിന്റെ ഏറ്റവും സമ്പന്നമായ അളവിനോളം - ദൈവനാമം) വരികയും വേണം.*

അതെ, ദൈവം നിങ്ങളെ സ്നേഹിക്കുന്നു, അവൻ നിങ്ങളുടെ മേൽ ഏതു സമയത്തും തന്റെ ദൃഷ്ടി വച്ചും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. യെശയ്യാവ് 49:16ൽ ❤"*ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയിൽ വരച്ചിരിക്കുന്നു*" (രണ്ടു കൈയിലും പച്ചകുത്തുന്നതുപോലെ വരച്ചു വച്ചിരിക്കുന്നു)

യോഹന്നാൻ 15:9ൽ യേശു പറഞ്ഞു. ❤"*പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ.*"

ദൈവം നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നുണ്ട്?

❤"*സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല.*"
യോഹന്നാൻ 15:13

ഇതിനെക്കാൾ വലിയ സ്നേഹം ആർക്കും നിങ്ങളോടില്ല.

യേശു നിന്റെ സ്നേഹിതനാകാൻ വേണ്ടിയാണ് തന്റെ ജീവനെ വച്ചു കൊടുത്തത്. എന്തെന്നാൽ അതുമൂലം അവൻ നിന്നെ എത്ര അധികം സ്നേഹിക്കുന്നു എന്നു നീ അറിയണം.

റോമർ 5:6ൽ പൗലൂസ് നമ്മെ ഓർമ്മപ്പെടുത്തുന്നു: ❤"*നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ (സ്വയം രക്ഷിപ്പാൻ ശക്തിയില്ലാതിരുന്നപ്പോൾ) ക്രിസ്തു തക്ക സമയത്തു അഭക്തർക്കു വേണ്ടി മരിച്ചു.*"

യഥാർത്ഥ സമയത്തു തന്നെ അതായത് നാം പാപത്തിൽ കിടന്ന സമയത്തു തന്നെ ക്രിസ്തുവിനെ നമ്മുടെ പകരക്കാരനായി മരിക്കാൻ അയച്ചുകൊണ്ടാണ് ദൈവം തന്റെ വലിയ സ്നേഹം കാണിച്ചത്.

വീണ്ടും റോമർ 5:7ൽ: ❤"*നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർലഭം. ഗുണവാനുവേണ്ടി (മാന്യനും, സ്നേഹിക്കുന്നവനും, ഉദാരമതിയുമായവൻ) പക്ഷെ മരിപ്പാൻ തുനിയുമായിരിക്കാം.*"

റോമർ 5:8 ൽ പൗലൂസ് അവസാനിപ്പിക്കുന്നു: ❤"*ക്രിസ്തുവോ (അഭിഷിക്തൻ, മശിഹാ) നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ*

*നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു തന്നോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.*"

അല്ലയോ, എന്റെ സ്നേഹിതാ, ദൈവം നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നു. ഈ ദൈവസ്നേഹത്തെ നിങ്ങൾക്കു വെളിപ്പെടുത്തി തരുവാൻ പരിശുദ്ധാത്മാവു ശ്രമിക്കുന്നു. നിങ്ങൾ ഹൃദയം തുറന്ന് ദൈവസ്നേഹത്തെ സ്വീകരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളെ അംഗീകരിക്കും. അവൻ ഒരിക്കലും നിങ്ങളെ ത്യജിക്കുകയോ, ശിക്ഷവിധിക്കയോ ചെയ്കയില്ല (യോഹ. 3:18).

എഫേ 1:6ൽ പൗലൂസ് എഴുതുന്നു. "യേശുക്രിസ്തു എന്ന പ്രിയനായവനിൽ കൂടെ ദൈവം നമ്മെ സ്വീകരിച്ചു. അതു നമ്മുടെ കഴിവിന്റെ പൂർണ്ണതകൊണ്ടല്ല. പിന്നയോ അവൻ തന്ന സൗജന്യമായ കൃപയാലാണ്."

എഫെ. 1:7ൽ ❤"*അവനിൽ (ദൈവം) അവന്റെ (പുത്രന്റെ) രക്തത്താൽ അതിക്രമങ്ങളുടെ മോചനം (നാം രക്ഷിക്കപ്പെട്ടിരിക്കുന്നു) എന്ന വീണ്ടെടുപ്പുണ്ട് - അവൻ നമ്മെ നന്നായി മനസ്സിലാക്കുകയും, ഏതു സമയത്തും എന്താണ് നമ്മുടെ ആവശ്യം എന്ന് അറികയും ചെയ്തുകൊണ്ടാണ് കൃപയുടെ അത്യന്ത ധനത്തെ ചൊരിയുന്നത്.*"

യെശയ്യാവ് 54:10ൽ പറയുന്നു. ❤*പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും എങ്കിലും എന്റെ ദയ (സ്നേഹവും, ദയയും) നിന്നെ വിട്ടു മാറുകയില്ല; എന്റെ സമാധാന നിയമം നീങ്ങിപ്പോകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളി ചെയ്യുന്നു. 1 കൊരി. 1:9 ൽ പൗലൂസ് നമ്മെ ഓർമ്മപ്പെടു*

*ത്തുന്നത് വിശ്വസ്തനായ (ആശ്രയിക്കാൻതക്ക) ദൈവത്തെ കുറിച്ചാണ്. അതുകൊണ്ട് അവന്റെ വാഗ്ദത്തങ്ങൾ സത്യവും ആശ്രയിക്കാവുന്നതുമാണ്. അവൻ നിങ്ങളെ സ്നേഹിക്കാമെന്നും നിങ്ങളോടുള്ളവാഗ്ദത്തങ്ങൾ നിറവേറ്റാമെന്നും പറഞ്ഞിട്ടുണ്ട്. യോഹന്നാൻ 17:9,10 ൽ യേശു സ്വയം പറഞ്ഞു നിങ്ങൾ അവന്റെ വകയാകയാൽ അവൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവമാണ് നിങ്ങളെ അവനു നല്കിയത്. ആകയാൽ അവൻ നിങ്ങളിൽ മഹത്വപ്പെട്ടിരിക്കുന്നു.*

ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ആ സ്നേഹം സ്വീകരിക്കുക. സങ്കീർത്തനക്കാരൻ ദാവീദിനൊപ്പം ഏറ്റുപറയുക:

> ❤“*എൻമനമേ യഹോവയെ വാഴ്ത്തുക (സ്നേഹ പൂർവ്വവും, ഉന്നതമായ സ്ഥിതിയിലും സ്തുതിക്ക) എന്റെ സർവ്വാന്തരംഗവുമേ (ഹൃദയാന്തർഭാഗങ്ങളിൽ) അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക:*
>
> *എൻമനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.*
>
> *അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു. അവൻ നിന്റെ ജീവനെ നാശത്തിൽനിന്നും (കുഴിയിൽനിന്നും, ശൂന്യതയിൽനിന്നും) വീണ്ടെടുക്കുന്നു. അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു. (മനോഹരനും, ഉൽകൃഷ്ടനുമാക്കി കിരീടമണിയിക്കുന്നു).*”
>
> സങ്കീർത്തനങ്ങൾ 103:1-4

*ലിവിങ്ങ് ബൈബിൾ വേർഷ*നിൽ ദാവീദ് കർത്താവിനെക്കുറിച്ചു പറയുന്നത്. വാ. 5, 6, 8, 11-13, 17 നോക്കുക.

> ❤ *അവൻ നിന്റെ ജീവിതത്തെ നന്മകളാൽ നിറയ്ക്കുന്നു. എന്റെ യൗവ്വനത്തെ കഴുകനെപ്പോലെ പുതുക്കുന്നു. എല്ലാ പീഡിതർക്കും (അന്യായമായി പെരുമാറിയ) നീതിയും ന്യായവും നടത്തിക്കൊടുക്കുന്നു...*
>
> *കരുണയും കൃപയും അർഹിക്കാത്തവർക്ക് അവൻ അതു നടത്തിക്കൊടുക്കുന്നു. അവൻ ദയയും സ്നേഹവും ഉള്ളവനും എന്നേക്കും. കോപം സംഗ്രഹിക്കാത്തവനും ആകുന്നു. അവൻ ഹൃദയത്തിൽ വിദ്വേഷം കരുതിവയ്ക്കുന്നില്ല. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു (അവനെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവർ) വലുതായിരിക്കുന്നു.*
>
> *ഉദയം അസ്തമയത്തോടു (കിഴക്കും പടിഞ്ഞാറും തമ്മിൽ) അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ പാപങ്ങളെ (ലംഘനങ്ങളെ) നമ്മോടകറ്റിയിരിക്കുന്നു. അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോടു (ബഹുമാനിക്കുന്നവർ) കരുണതോന്നുന്നു.*
>
> *...യഹോവയുടെ ദയയോ എന്നും എന്നേക്കും...........ഇരിക്കും.*

വീണ്ടും സങ്കീ. 32:10ൽ ദാവീദു പറയുന്നു: ❤"*...യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ (സ്നേഹം) യുറ്റിക്കൊള്ളും.*" സങ്കീ. 34:1-8ൽ അവൻ എഴുതുന്നു:

> ❤*ഞാൻ യഹോവയെ എല്ലാ നാളിലും (എന്തെല്ലാം നേരിട്ടാലും) വാഴ്ത്തും; അവന്റെ സ്തുതി (മഹിമയേയും, കൃപയേയും കുറിച്ച്) എപ്പോഴും എന്റെ നാവിന്മേൽ ഉണ്ടായിരിക്കും (സംസാരിക്കും) എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു, എളിവയവർ (നിരാശർ ഹൃദയ നിശ്ചയത്തോടെ) എന്നോടു ചേർന്നു യഹോവയുടെ നാമത്തെ മഹിമപ്പെടുത്തുവിൻ.*
>
> *ഞാൻ യഹോവയോടു അപേക്ഷിച്ചു (നിലവിളിച്ചു) അവൻ എനിക്കു ഉത്തരമരുളി. എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല (ആരും ഉപേക്ഷിക്കപ്പെട്ടവരായില്ല) ഈ എളിയവൻ നിലവിളിച്ചു യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽനിന്നും അവനെ രക്ഷിച്ചു. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.*
>
> *യഹോവ നല്ലവനെന്ന് (ദയയുള്ളവനെന്ന്) രുചിച്ചറിവിൻ (പരീക്ഷിച്ചറിവിൻ) അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ (എത്ര കരുണയുള്ളവനാണെന്ന് കാണിക്കുന്നു)*

സ്നേഹം ലംഘനങ്ങളുടെ (പാപങ്ങളുടെ) ബഹുത്വത്തെ മറയ്ക്കുന്നു (മൂടിവയ്ക്കുന്നു) എന്നു പത്രോസ് പറയുന്നു. (1 പത്രോ 4:8) ദൈവസ്നേഹം നിങ്ങളെ മൂടുന്നു. ആ ആവരണ ത്തിൻകീഴിൽ വസിക്കുക. അതു നിങ്ങളുടെ ജീവിതത്തെ അനു ഗ്രഹിക്കട്ടെ. ദൈവം എന്നെ സ്നേഹിക്കുന്നു എന്നു ദിവസം പല പ്രാവശ്യം ഏറ്റു പറയുക.

ഈ അദ്ധ്യായത്തിലെ തിരുവെഴുത്തുകൾ ധ്യാനിക്കുക അനുസരണയോടെ ഇതു നിങ്ങൾ ചെയ്താൽ ദൈവം നിങ്ങൾക്കു തരുവാൻ ആഗ്രഹിക്കുന്നതിനെ - അവന്റെ സമൃദ്ധിയായതും നിലനിൽക്കുന്നതുമായ സ്നേഹത്തിന്റെ ഉറപ്പ് - നിങ്ങൾക്കു തരും.

# 2

# നിങ്ങളുടെ ഭാവിയെ കുറിച്ചു നിശ്ചയമുള്ളവരായിരിക്കുക

ഇനി ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത് നിങ്ങളുടെ ഭാവിയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പങ്കിനെ വെളിപ്പെടുത്തുന്ന വേദഭാഗങ്ങളാണ്. നിങ്ങൾ വിലയുള്ളവനും നിങ്ങളെ സൃഷ്ടിക്കുംമുമ്പേ നിങ്ങൾക്കായി ദൈവം തന്റെ മനസ്സിൽ ഒരു ഉദ്ദേശം കരുതിയിരുന്നു എന്നും അറിയണമെന്നാണ് എന്റെ ആഗ്രഹം.

“എനിക്കൊരു ഭാവിയുണ്ട് അഥവാ എന്റെ ഭാഗധേയം എന്ന ഗാനത്തിന്റെ രചയിതാവ് തനിക്കൊരു ഭാവിയുണ്ടെന്നും അതു നിറവേറ്റപ്പെടുമെന്നും പറയുന്നു, എന്നാൽ അതു മുൻനിയമിക്കപ്പെട്ടിരിക്കുന്നതു ദൈവത്താലും അതു തന്നിൽ നിറവേറ്റപ്പെടുന്നത് പരിശുദ്ധാത്മശക്തിയിലാണെന്നും കൂടി പറയുന്നു. ആ ഗാനം അവസാനിക്കുന്നത് ഒരു ഏറ്റുപറച്ചിലോടുകൂടിയാണ്.” എനിക്കൊരു ഭാവി (വിധി)യുണ്ട്. അതു ശൂന്യമായ ഒരു ആഗ്രഹമല്ല പിന്നയോ ആ സമയത്തിനായി, ആ സമയത്തിനായി തന്നെ ഞാൻ ജനിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു.

നിങ്ങളെക്കുറിച്ച് എങ്ങനെയാണ്? ഭാവിയെ നിങ്ങൾ എങ്ങനെ യാണ് കാണുന്നത്?

ദൈവം നിങ്ങൾക്കൊരു നിറഞ്ഞ പ്രത്യാശവേണമെന്നാഗ്ര ഹിക്കുമ്പോൾ ആശയറ്റവനായി നിങ്ങളെ കാണുവാൻ സാത്താൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ എല്ലാ ദിവസവും നല്ലതുവരണമെന്നു ദൈവം പ്രതീക്ഷിക്കുമ്പോൾ നിരാശയും മൂകതയും നാശവും വന്നു കാണുവാൻ പിശാച് ആഗ്രഹിക്കുന്നു:

സദൃശവാക്യങ്ങൾ 15:15ൽ, ❤"*അരിഷ്ടന്റെ ജീവനാൾ ഒക്കെയും കഷ്ടകാലം (വരാൻ പോകുന്ന വിപത്തിന്റെ മുന്നറിവു പ്രാപിച്ചു വിഷമിച്ചു കഴിയുക) സന്തുഷ്ടമാനസനോ നിത്യം ഉത്സവം" (സാഹചര്യങ്ങൾ നോക്കാതെ ആനന്ദിക്കുന്നു) എന്നു പറഞ്ഞിരിക്കുന്നു.*

ദോഷമായ മുന്നറിവുകൾ അവ സംഭവിക്കും മുമ്പേ നമ്മെ വേട്ടയാടുന്നു. ഈ തിരുവെഴുത്തിൻ പ്രകാരം ചീത്തയായ ദോഷ സൂചനകളാണു നമ്മുടെ ജീവിതത്തെ കഷ്ടത്തിലാക്കുന്നത്.

സങ്കീ. 27:13ൽ ദാവീദു എഴുതുന്നു: ❤"*ഞാൻ ജീവനുള്ളവ രുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെ ങ്കിൽ കഷ്ടം.*" അടുത്ത വാക്യം പ്രബോധിപ്പിക്കുന്നു "യഹോവയിൽ പ്രത്യാശ വയ്ക്കുക."

യിരെമ്യാവ് 29:11ൽ ദൈവം തന്റെ ആഗ്രഹത്തെ വെളിപ്പെടു ത്തുന്നു. ❤"*നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്ന വയെന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രെയു ള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്*"

ഓർമ്മിക്കുക, സാത്താന്റെ ലക്ഷ്യം നിന്നെ ആശയില്ലാത്തവനാക്കണമെന്നാണ്. ചിന്തയിലും, സംസാരത്തിലും, പ്രവർത്തിയിലും പ്രത്യാശയില്ലാത്തവനായി കാണാൻ അവൻ ആഗ്രഹിക്കുന്നു.

എന്നാൽ സങ്കീർത്തനം 42:11 ലെ ദാവീദിന്റെ ശക്തിയേറിയ വാക്കുകൾ കേൾക്കുക: ❤"*എന്റെ ആത്മാവേ നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശവയ്ക്കുക. പ്രതീക്ഷയോടെ കാത്തിരിക്കുക. അവൻ എന്റെ മുഖപ്രകാശ രക്ഷയും.*"

*എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.*

ഇതുപോലെയുള്ളതും നിങ്ങളുടെ ഹൃദയത്തിനു മറവായിരിക്കുന്നതുമായ തിരുവെഴുത്തുകൾ നിങ്ങൾക്കു പ്രത്യാശയുടെ നിറവും, സന്തോഷപ്രദമായ പ്രതീക്ഷയും നല്കിതരും. അങ്ങനെ പ്രത്യാശയോടെ നോക്കാനും, പ്രത്യാശയോടെ ചിന്തിപ്പാനും പ്രത്യാശയോടെ സംസാരിപ്പാനും, പ്രത്യാശയോടെ പ്രവർത്തിപ്പാനും നിങ്ങൾക്കു കഴിയും.

റോമർ 5:5ൽ അപ്പോസ്തലനായ പൗലൂസ് നമ്മോടു പറയുന്നത്: ❤"*ഈ വിധ പ്രത്യാശ ഒരിക്കലും നിരാശപ്പെടുത്തുകയോ (ഭംഗം വരികയില്ല) ലജ്ജിപ്പിക്കുകയോ ചെയ്തില്ല, എന്തന്നാൽ നമുക്കു തന്ന പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹത്തെ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു.*"

മറ്റൊരു പ്രകാരത്തിൽ ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് നാം അറിയുന്നു. എന്തെന്നാൽ പരിശുദ്ധാത്മാവ് നമ്മളെ അതു പഠിപ്പിക്കുന്നു. നാം ദൈവത്തിൽ ആശ്രയിക്കുന്നത് അവൻ നമ്മെ

സ്നേഹിക്കുന്നു എന്നു നമുക്കുറപ്പുള്ളതുകൊണ്ടും നമുക്കു വേണ്ടി ഒരു നല്ല ഭാവിയെ നിയമിച്ചിരിക്കയാലുമാണ്. നമ്മുടെ പ്രത്യാശയും, പ്രതീക്ഷയും അവനിൽ വയ്ക്കുന്നതിനാൽ നാം ഒരിക്കലും നിരാശപ്പെടുകയോ, വഞ്ചിക്കപ്പെടുകയോ, ലജ്ജിച്ചു പോവുകയോ ഇല്ല.

സങ്കീർത്തനം 84:11 ൽ നാം വായിക്കുന്നു: ❤ "*യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നൽകുന്നു; നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുന്നില്ല.*"

ഫിലിപ്പിയർ 1:6 ൽ പൗലൂസ് നമുക്കു തരുന്ന ഉറപ്പു കാണുക: ❤ "*നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശു ക്രിസ്തുവിന്റെ നാൾവരെയും (മടങ്ങിവരുന്ന ദിവസം) അതിനെ തികയ്ക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു.*"

എഫേസ്യർ 2:10 ൽ ഈ വലിയ ഉറപ്പിന്റെ കാരണം വിശദീകരിക്കുന്നു.

> ❤ "*നാം അവന്റെ (ദൈവത്തിന്റെ) കൈപ്പണിയായി സൽപ്രവർത്തികൾക്കായി (ദൈവം മുൻകൂട്ടി തയ്യാറാക്കിയിരിക്കുന്ന പദ്ധതി പ്രകാരമുള്ള) ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേണ്ടതിനു (അവയിൽ നടക്കേണ്ടതിന് - നല്ല ജീവിതം കഴിക്കേണ്ടതിനു) ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (കാലങ്ങൾക്കു അപ്പുറം) ഇപ്പോൾ നിങ്ങളോടു തന്നെ ചോദിച്ചേക്കാം. എനിക്കുവേണ്ടി അങ്ങനെയൊരു പദ്ധതി ഉണ്ടെങ്കിൽ എന്നാണു ഞാൻ അതു കാണുക?*"

അതിന്റെ മറുപടി സഭാപ്രസംഗി 3:17ൽ കാണുന്നു: ❤ "*...സകല കാര്യത്തിനും, സകല പ്രവൃത്തിക്കും, ഉദ്ദേശത്തിനും ഒരു സമയം ഉണ്ട്. (നിശ്ചയിച്ചിരിക്കുന്നു)*"

നിങ്ങൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി അവൻ തന്റേതായ സമയത്തു പൂർത്തിയാക്കും. നിങ്ങൾ നിങ്ങളുടെ ഭാഗവും ചെയ്യണം, അതായത്

❤ *അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈകീഴ് താണിരിപ്പിൻ.*

ഹബക്കൂക്ക് 2:2 ൽ ഭാവിയെക്കുറിച്ചുള്ള ദൈവീക പദ്ധതിയെന്തെന്ന് പ്രവാചകന് ദർശനത്തിലൂടെ ദൈവം വെളിപ്പെടുത്തുകയും, മറ്റുള്ളവർ കൂടെ അതറിയേണ്ടതിന് അത് എഴുതിവയ്ക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. അടുത്ത വാക്യത്തിൽ അവൻ തുടർന്നു പറയുന്നു: ❤ "*ദർശനത്തിനു ഒരു അവധി വച്ചിരിക്കുന്നു, അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു (സാവധാനം, കൃത്യമായി, തീർച്ചയായി) സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിനായി കാത്തിരിക്ക, അതു വരും, നിശ്ചയം താമസിക്കുകയുമില്ല (ഒരു ദിവസം പോലും)*" *ഹബ 2:3.*

എബ്രായ ലേഖനകർത്താവു നമ്മോടു പറയുന്നു: ❤ "*അങ്ങനെ നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊള്ളുവാൻ ശരണത്തിനായി ഓടിവന്ന നാം മാറി പോകാത്തതും ദൈവത്തിനു ഭോഷ്കു പറയാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിക്കുവാൻ ഇടവരുന്നു. ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ. അതു നിശ്ചയവും സ്ഥിരവും, തിരശീലയ്ക്കകത്തേക്കു കടക്കുന്നതുമാകുന്നു.*" (എബ്രായർ 6:18,19).

പൗലൂസ് വീണ്ടും റോമർ 8:28ൽ പറയുന്നു: ❤"*ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.*"

പിന്നീട് എഫേസൂസിലെ സഭയ്ക്കുള്ള ലേഖനത്തിൽ പൗലൂസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ❤"*എന്നാൽ നാം ചോദിക്കുന്നതിലും, നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ.*" (എഫെസ്യ 3:20).

ദൈവത്തിന്റെ ആഗ്രഹം നിങ്ങൾ പ്രത്യാശയിൽ നിറഞ്ഞിരിക്കണമെന്നാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾ പ്രത്യാശിക്കുന്നതിലും അത്യധികമായിട്ടാണ് അവൻ നിങ്ങൾക്കുവേണ്ടി ചെയ്യുന്നത്. നേരെമറിച്ച് പിശാച് ആഗ്രഹിക്കുന്നപ്രകാരം പ്രത്യാശയില്ലാത്തവനാണ് നിങ്ങളെങ്കിൽ നിങ്ങൾ ദൈവഹിതം പൂർണ്ണമായി ചെയ്യുന്നില്ലന്നാണർത്ഥം. അതായതു നിങ്ങളുടെ പ്രത്യാശ അവനിൽ ഇടണമെന്ന് ദൈവം ആവശ്യപ്പെട്ടിട്ടും നിങ്ങൾ അതു ചെയ്യുകയോ, നിങ്ങളുടെ ഭാവി ജീവിതത്തിനുവേണ്ടി അവനൊരു പദ്ധതിയുണ്ടെന്ന് വിശ്വസിച്ച് അതു നടപടിയിലാകേണ്ടതിനു അവനിൽ ആശ്രയിക്കുകയോ ചെയ്യുന്നില്ല.

എഫേസ്യർ 1:11ൽ യേശുക്രിസ്തുവിനെക്കുറിച്ചു പൗലൂസ് പറയുന്നു. ❤"*അവനിൽ നാം അവകാശം പ്രാപിച്ചു (ദൈവത്തിന്റെ) തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയ പ്രകാരം മുൻനിയമിക്കപ്പെട്ടതു മുൻപിൽ കൂട്ടി ക്രിസ്തുവിൽ ആശവച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചയാക്കേണ്ടതിനു തന്നെ:*"

യോശുവ 1:8ൽ ദൈവം തന്റെ ദാസനായ യോശുവയോടു കല്പിക്കുന്നതു ഓർക്കുക. ❤ "*ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്, അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം; എന്നാൽ നിന്റെ പ്രവർത്തി സാധിക്കും നീ കൃതാർത്ഥനായും ഇരിക്കും.*"

ആവർത്തനം 30:14 പറയുന്നതു ശ്രദ്ധിക്കുക. ❤ "*നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്കു ഏറ്റവും സമീപത്ത്, നിന്റെ വായിലും, നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു.*"

യെശയ്യാവ് 55:11ൽ ❤ "*അവന്റെ വചനം പ്രമാണിക്കയും ഏറ്റുപറകയും ചെയ്താൽ അവന്റെ ഉദ്ദേശം നിങ്ങളുടെ ജീവിതത്തിൽ നിരവേറാൻ അതു സഹായിക്കും.*"

"*എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും. അതു വെറുതെ എന്റെ അടുക്കലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളതു നിവൃത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും.*"

നിങ്ങളുടെ വായ് ദൈവത്തിനു കൊടുക്ക, അതു അവന്റേതാകട്ടെ. അവന്റെ വചനം സംസാരിച്ചു തുടങ്ങുക എന്തുകൊണ്ടെന്നാൽ അവന് നിനക്കായി ഒരു നല്ല ഭാവിയുണ്ട്, ഒരു നല്ല ഉദ്ദേശമുണ്ട്, കൂടാതെ നിനക്കായി ഒരു നല്ല പദ്ധതിയുമുണ്ട്. ആകയാൽ ദൈവത്തോടു സഹകരിച്ച് അവനുവേണ്ടി സംസാരിക്കുക, ഒരിക്കലും ശത്രുവിനുവേണ്ടി സംസാരിക്കരുത്.

ഓർക്കുക, നമുക്കോരോരുത്തർക്കും ദൈവീകമായ ഒരു ഭാഗധേയം ഉണ്ട്.

നിങ്ങൾ എന്തു വിചാരിക്കുന്നു, ഭാവിയിൽ നിങ്ങൾ ആരായി തീരും? പിശാച് ആഗ്രഹിക്കുന്നതു നിങ്ങൾ എപ്പോഴും തകർച്ചയെക്കുറിച്ചു മാത്രം ചിന്തിച്ചു നശിക്കണമെന്നല്ലാതെ ഉന്നതിയെക്കുറിച്ചു ചിന്തിക്കരുതെന്നാണ്. നിങ്ങൾ എവിടെ പോകുന്നു എന്നല്ല മറിച്ച് എവിടെ എത്ര ദൂരം പോയാലും എത്രത്തോളം വന്നാലും ഈ വചനത്തെ ധ്യാനിച്ചുകൊള്ളണമെന്നാണ്.

നിങ്ങൾക്ക് ഒരിക്കലും മാറ്റം വരാൻ പോകുന്നില്ല എന്നു വിചാരിച്ച് ഇച്ഛാഭംഗപെടുകയാണോ? എന്നാൽ പറയാം, പ്രത്യാശിക്കുക, ദൈവം എപ്പോഴും നിനക്ക് മാറ്റം വരുത്തി കൊണ്ടിരിക്കുകയാണ്. അവന്റെ വചനം നിങ്ങളിൽ അതിശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കയാകുന്നു.

ആവർത്തനം 7:22 നമ്മെ ഓർമ്മപ്പെടുത്തുന്നതു ❤ "*നാം കുറേശെ, കുറേശെ ശത്രുവിന്റെ മേൽ വിജയം വരിക്കുവാൻ അവൻ നമ്മെ സഹായിക്കുമെന്നാണ്.*"

2 കൊരിന്ത്യർ 3:18ൽ പൗലൂസു പറയുന്നു. ❤ "*...കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി (അവനെ വചനത്തിൽ കാണുന്നു) ...തേജസ്സിൻമേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.*"

റോമർ 12:2ൽ നാം വായിക്കുന്നതു മനസ്സിന്റെ സംപൂർണ്ണമായ രൂപാന്തരത്തെകുറിച്ചാണ്. പുതിയ ചിന്തകൾ, പുതിയ ആശയങ്ങൾ, പുതിയ മനോഭാവം എന്നിവ ഉണ്ടാകണം. ❤ "*നന്മയും, പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് നിങ്ങൾ തിരിച്ചറിയും.*"

കൊലേസ്യർ 1:27ൽ പൗലൂസ് പറയുന്നു: യുഗങ്ങളായിട്ടുള്ള മർമ്മത്തിന്റെ മഹിമാധാനം എന്തെന്ന് ദൈവം നമ്മെ അറിയിച്ചിരി

ക്കുന്നു; അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതത്രേ. നിങ്ങൾ മഹത്വപ്പെടുന്നതു സ്വർഗ്ഗസ്ഥപിതാവു കാണുന്നു. നിങ്ങളെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാട് അതുഭ്തുതകരമാണ്, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങളിൽ വസിപ്പിച്ച് മഹത്വമുള്ളവനാക്കിയിരിക്കുന്നു എന്നു നിങ്ങൾക്കും ഉറപ്പുണ്ടായിരിക്കണം.

"*മഹത്വം*" എന്ന പദത്തിന് ദൈവത്തിന്റെ സംപൂർണ്ണ തേജസ്സിന്റെ പ്രത്യക്ഷതയെന്നാണ് എന്റെ നിർവ്വചനം. അവനിൽ പ്രത്യാശവച്ചുകൊണ്ട് ഈ തിരുവെഴുത്തുകൾ നിങ്ങൾക്കായിട്ടുള്ളത് എന്നു വിശ്വസിക്കുക. കാര്യങ്ങൾ നേരെയും, വിശ്വാസത്തോടെയും, വചനാടിസ്ഥാനത്തിലും ഏറ്റു പറയാൻ അഭ്യസിക്കണം. "ഞാൻ തേസ്സിന്റെ ഒന്നാം പടിയിൽനിന്ന് രൂപാന്തരപ്പെട്ട് ദൈവതേജസ്സിന്റെ അവസ്ഥയിലെത്താൻ മറ്റൊന്നിലേക്കു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു ഉറക്കെ പറയുക." 2 കൊരി. 3:18 "ക്രിസ്തു എന്നിൽ എന്നത് തേജസ്സ് ഏറിയ പ്രത്യാശയാണ്. ദൈവത്തിന്റെ ആത്മാവ് ഓരോ ദിവസവും എന്നെ കുറേശ്ശെ, കാണാതെയായി രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്റെ ജീവിതത്തിന് ഒരു ഉദ്ദേശമുണ്ട്. ദൈവത്തിന് എന്നെക്കുറിച്ചു ഒരു നല്ല പദ്ധതിയുമുണ്ട്."

റോമർ 4:17 ഓർക്കുക "ഇല്ലായ്മയിൽനിന്ന് ഉള്ളതുപോലെ നമ്മെ വിളിച്ച ദൈവത്തെയാണ് നാം സേവിക്കുന്നത് എന്നാണ് ദൈവം തന്റെ വചനത്തിൽ നമ്മെക്കുറിച്ചു പറയുന്നത്?"

❤ *നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗു*

*ണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു.*

*1 പത്രോസ് 2:9*

നിങ്ങൾക്കുവേണ്ടിയുള്ള ദൈവീക പദ്ധതികളുടെ ഗുണങ്ങളും, പരിപൂർണ്ണതയും എല്ലാവരും കാണാതവണ്ണം വെളിപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു.

"*ഞാൻ അന്ധകാരത്തിൽനിന്നു ദൈവത്തിന്റെ അത്ഭുത പ്രകാശത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നു പറയുവാൻ പഠിക്കുക.*"

നമുക്കു നമ്മെക്കുറിച്ചുള്ള വിലകുറഞ്ഞ വീക്ഷണമാണ് അന്ധകാരം. നിങ്ങൾക്കു നിങ്ങളെക്കുറിച്ചുതന്നെ മതിപ്പില്ലായ്മ, സ്വയം ഇഷ്ടപ്പെടാതിരിക്കുക എന്നിവയെല്ലാം അന്ധകാരമാണ്.

മലാഖി 3:17ൽ "നാം വായിക്കുന്നത് നമ്മൾ ദൈവത്തിന്റെ നിക്ഷേപ (വിലയേറിയ മുത്തുകൾ) മാണെന്നാണ്, അഥവാ, അവന്റെ സമ്പത്ത് ആകുന്നു. നിങ്ങൾ വിലയുള്ളവരാണ്, നിന്നെക്കുറിച്ചൊരു ഉദ്ദേശമുണ്ട്, നിനക്കൊരു ഭാവിയുണ്ട്. നിന്റെ ജീവിതത്തിനായി ദൈവം വലിയൊരു പദ്ധതി കരുതിയിട്ടുണ്ട്. ചരിത്രത്തിൽ നിന്റേതായ ഒരു ഭാഗം ഉണ്ട്, എന്നാൽ, നിങ്ങൾ അതു വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യണം."

നിങ്ങൾ പറഞ്ഞേക്കാം, ജോയ്സീ, ഞാൻ പലപ്പോഴും പരാജയപ്പെട്ടിരിക്കുന്നു. ഞാൻ ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ട്. എനിക്കറിയാം ഞാൻ ദൈവത്തെപോലും നിരാശപ്പെടുത്തിയിട്ടുണ്ട്.

ഫിലിപ്പിയർ 3:13,14 പൗലൂസ് സമ്മതിക്കുന്നു, താൻ ഇതുവരെ പൂർണ്ണത പ്രാപിച്ചിട്ടില്ലെന്ന്, എന്നിരുന്നാലും കൈവിട്ടുകളയാതെ പ്രാപിക്കാനായി മുന്നേറുകയാണ്.

> ❤ "*സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്ന് മുൻപിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.*"

നിങ്ങളുടെ ജീവിതത്തിനായി ദൈവത്തിന്റെ പക്കൽ ഒരു നല്ല പദ്ധതിയുണ്ട്. ഒരിക്കലും കഴിഞ്ഞകാലാനുഭവങ്ങളിൽ ജീവിക്കരുത്. ദൈവവചനം ശ്രദ്ധിക്കുക. യെശയ്യാവ് 43:18,19ൽ എന്താണെന്നു നോക്കാം.

> ❤ *മുൻപുള്ളവയെ നിങ്ങൾ ഓർക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കുകയും വേണ്ട; ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു; അതു ഇപ്പോൾ ഉത്ഭവിക്കും; നിങ്ങൾ അതു അറിയുന്നില്ലയോ? ഞാൻ മരുഭൂമിയിൽ ഒരു വഴിയും വിജനപ്രദേശത്തു നദികളും ഉണ്ടാക്കും.*

അവസാനമായി യെശയ്യാവു 43:25 ൽ ദൈവം എന്തു പറയുന്നു എന്നു നോക്കാം. ❤ "*ഞാൻ, ഞാൻ തന്നെ നിന്റെ അതിക്രമങ്ങളെ മായിച്ചു കളയുന്നു. നിന്റെ പാപങ്ങളെ ഞാൻ ഓർക്കുകയുമില്ല.*"

ദൈവം നിനക്കായി തയ്യാറാക്കിയിരിക്കുന്ന പദ്ധതിയിൻ പ്രകാരം നീ ആയി തീരുന്നതു കാണാൻ അവൻ വളരെ ആഗ്രഹിക്കുന്നു.

നിനക്കായി മാത്രം വച്ചിരിക്കുന്ന സന്തോഷത്തിന്റെ പൂർണ്ണനിറവ് നീ ആസ്വദിക്കുന്നതു കാണാൻ അവൻ നോക്കുകയാണ്. നിന്റെ കഴിഞ്ഞകാലപാപങ്ങളെല്ലാം അവന്റെ കൃപയാലും കരുണയാലും മായിച്ചു കളയാനും അവൻ പ്രസാദിച്ചിരിക്കുന്നു. നീ ഭാവിയിൽ ചെയ്തേക്കാവുന്ന തെറ്റുകൾക്കും കൂടി അവൻ പരിഹാരം കണ്ടിരിക്കുന്നു.

ആകയാൽ നീ വിഷാദിച്ചുംകൊണ്ട് നിന്റെ ഭൂതകാലത്തു ജീവിക്കേണ്ടതില്ല. ഏതു പ്രകാരവും  ദൈവം നിന്നെ സഹായിപ്പാൻ ആഗ്രഹിക്കുന്നു.

യെശയ്യാവ്: 40:31 ലെ വാഗ്ദത്തം കാണുക: ❤ “*യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.*”

ദൈവസ്നേഹത്തെക്കുറിച്ചു എത്ര മനോഹരമായ ഉറപ്പ്, നിന്റെ ഭാവിയിലെ ഓരോ ആവശ്യങ്ങൾക്കായുംഅവന്റെ അത്ഭുതകരമായ സംഭാവനകളെക്കുറിച്ച് എത്ര നല്ല വാഗ്ദാനം.

ഈ അതിശയകരമായ വാഗ്ദത്തത്തെയും  അവന്റെ വിലപ്പെട്ട പദ്ധതിയേയും ആയുധമായി ധരിച്ചുകൊണ്ട് പ്രത്യാശയും, നിശ്ചയവും ഉറപ്പും പൂണ്ട് വാഗ്ദത്തം ചെയ്തവൻ അതു നിറവേറ്റുമെന്നു പറഞ്ഞുകൊണ്ട് ഭാവിയെ അഭിമുഖീകരിക്കുക. (റോമർ 4:21)

പുറകോട്ടു നോക്കരുത്, എന്നാൽ മുന്നോട്ടു നോക്കുക. വിശ്വാസത്തിന്റെ ചുവടുകൾ വയ്ക്കുക.

ഓർക്കുക, ദൈവത്തിന്റേതായ ഒരു ഭാഗധേയം നിനക്കു നിറവേറ്റുവാനാണ്.

# 3
# ക്രിസ്തുവിലുള്ള നിങ്ങളുടെ നീതിയെ കുറിച്ചറിയുക

ദൈവത്തിന്റെ നീതിയെ മനസ്സിലാക്കാൻ പറ്റിയ ചില വേദഭാഗങ്ങൾ നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ നീതിയെ കുറിച്ചു ഞാൻ എഴുതിയ പാട്ടിൽ ദൈവ കുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടതും, അവന്റെ സിംഹാസനത്തിന്റെ മുമ്പിൽ രാജകീയപരിവേഷത്തോടും യേശുക്രിസ്തുവിൽ തുല്യ അവകാശിയായും, പാപമില്ലാത്തവരായും, അവന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരായും നില്ക്കുന്നതും പ്രതിപാദിച്ചിരിക്കുന്നു.

യേശുക്രിസ്തുവിൽ നിങ്ങൾ ദൈവത്തിന്റെ നീതിയാണ്. ഇതാണ് 2 കൊരി 5:21 ൽ പൗലൂസ് എഴുതിയിരിക്കുന്നത്: ❤ “*പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി. (ദൈവനീതിയുടെ ഉദാഹരണങ്ങളായി കാണപ്പെടുകയും, അവന്റെ നന്മയാൽ അവ*

*നുമായി ബന്ധപ്പെടുവാൻ നമ്മെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു)*"

സങ്കീർത്തനം 48:10ൽ കർത്താവിനെക്കുറിച്ചു: ❤"*ദൈവമേ നിന്റെ നാമം പോലെ തന്നെ നിന്റെ സ്തുതിയും ഭൂമിയുടെ അറ്റത്തോളം എത്തുന്നു, നിന്റെ വലംകൈയിൽ നീതി നിറഞ്ഞിരിക്കുന്നു.*"

നിങ്ങൾക്കായി നീട്ടിയിരിക്കുന്ന ദൈവകരങ്ങൾ നീതി നിറഞ്ഞ താണ്.

1 കൊരിന്ത്യർ 1:8ൽ അപ്പോസ്തലനായ പൗലൂസ് നിങ്ങൾക്ക് ഉറപ്പു തരുന്നുണ്ട്: ❤"*നമ്മുടെ കർത്താവായ യേശുവിന്റെ (മശിഹ) നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന് അവൻ (ദൈവം) നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും. (അവൻ നിങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് ശക്തിയും, ദൃഢചിത്തതയും തന്ന് നിങ്ങൾ നിരപരാധിയെന്ന് വാദിച്ചു സമർത്ഥിക്കയും ചെയ്യും)*"

ഇതിന്റെ അർത്ഥം എന്തെന്ന് നിനക്കറിയാമോ? അതിന്റെ അർത്ഥം ദൈവം നിങ്ങളെ ഇപ്പോൾ ശരിയായ സ്ഥാനത്തു നിൽക്കുന്നതായി കാണുന്നു എന്നാണ്.

ഇന്ന്, അവൻ ആഗ്രഹിക്കുന്ന ശരിയായ സ്ഥാനത്താണ് നിങ്ങൾ. സാത്താന്റെ വ്യാജ പ്രസ്ഥാവനകളിൽനിന്ന് നിങ്ങളെ വിടുവിക്കുവാൻ ദൈവവും, ആസ്ഥാനത്തുണ്ട്. എന്തെന്നാൽ സഹോദരന്മാർക്കെതിരായി കുറ്റാരോപണം നടത്തുന്ന അപവാദി യാണു സാത്താൻ. (വെളി. 12:10).

നിങ്ങൾ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നെ ങ്കിൽ ദൈവം നിങ്ങളെ ഒരിക്കലും തെറ്റുകാരനായി

കാണുകയില്ല. അവൻ നിങ്ങളുടെ നിരപരാധിത്വത്തെ തെളിയിക്കാൻ ആഗ്രഹിക്കുന്നു.

യേശു തന്റെ പർവ്വതപ്രസംഗത്തിൽ അനുഗാമികളോടായി ഇപ്രകാരം അരുളിച്ചെയ്തു: ❤“*നീതിക്കു വിശന്നു ദാഹിക്കുന്ന വർ ഭാഗ്യവാന്മാർ, അവർക്കു തൃപ്തിവരും.*” (മത്തായി 5:6).

(വീണ്ടും ജനനം പ്രാപിച്ച ദൈവപൈതൽ അവന്റെ രക്ഷയിൽ സന്തോഷിക്കുന്നു, അവർക്ക് ആത്മീയ അഭിവൃദ്ധി ഉണ്ടാകയും, സമ്പൂർണ്ണ തൃപ്തി പ്രാപിക്കുകയും ചെയ്യും).

യേശുക്രിസ്തുവിന്റെ രീതിയിൽ ഒരു വീണ്ടും ജനനം പ്രാപിച്ച ദൈവ പൈതൽ ദൈവത്തിന്റെ പ്രസാദം പ്രാപിച്ച് സന്തോഷി ക്കുന്ന അവസ്ഥയിലാണ്. നിങ്ങൾക്കു ജീവിതത്തിൽ ആനന്ദിപ്പാൻ അവകാശമുണ്ട്. എന്തെന്നാൽ അതു ദൈവദാനമാണ്.

ഈ പ്രസ്താവനയെ ഏറ്റു പറഞ്ഞു തുടങ്ങുക: ❤“*ഞാൻ യേശുക്രിസ്തുവിൽ ദൈവത്തിന്റെ നീതി ആണ്.*”

ഒരു പക്ഷേ ദൈവവുമായി രമ്യതയിലെത്താനായി നിങ്ങൾ വളരെ പരിശ്രമിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ദൈവനീതിയുടെ മാർഗ്ഗം അതല്ല. ദൈവം ദാനമായി രക്ഷയെ നൽകുന്നതുപോലെ സൗജന്യമായിതരുന്നതാണത്. അതൊരു പ്രവർത്തിയില്ല മറിച്ച് ദാന മാണ്. ആകയാൽ വൃഥാപരിശ്രമ ങ്ങൾ വിട്ടുകളഞ്ഞിട്ട് ക്രിസ്തു വിന്റെ നീതി നിങ്ങളിലേക്കു പകരപെടേണ്ടതിന് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക.

❤“*നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക. അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ (വഴുതി*

*പോകുവാൻ, വീണുപോകുവാൻ, പരാജയപ്പെടാൻ) അവൻ ഒരു നാളും സമ്മതിക്കയില്ല.*" (സങ്കീ. 55:22).

റോമർ 4:1-3 വരെ ഭാഗത്ത് പൗലൂസ് അബ്രഹാമിന്റെ നീതിയെക്കുറിച്ചു പറയുന്നു.

> ❤ *എന്നാൽ നമ്മുടെ പൂർവ്വ പിതാവായ അബ്രഹാം ജഡപ്രകാരം എന്തു പ്രാപിച്ചു എന്നു പറയേണ്ടു? അബ്രഹാം പ്രവർത്തിയാൽ നീതികരിക്കപ്പെട്ടു (കുറ്റ വിമുക്തനാകുക) എങ്കിൽ അവനു പ്രശംസിക്കുവാൻ സംഗതിയുണ്ട്, ദൈവസന്നിധിയിൽ ഇല്ലതാനും തിരുവെഴുത്തു എന്തു പറയുന്നു?*
>
> അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അതു അവനു നീതിയായി കണക്കിട്ടു എന്നുതന്നേ!

വീണ്ടും 23:25 വാക്യങ്ങളിൽ:

> ❤ *അവനു നീതിയായി കണക്കിട്ടു എന്നെഴുതിയിരിക്കുന്നത് അവനെ വിചാരിച്ചു മാത്രമല്ല, നമ്മെ വിചാരിച്ചും കൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചു, നമ്മുടെ നീതീകരണത്തിനായി ഉയർപ്പിച്ചുമിരിക്കുന്നു. നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിട്ടുവാനുള്ളതാകയാൽ തന്നെ.*

മറ്റൊരു പ്രകാരത്തിൽ പൗലൂസ് പറയുന്നത് നമ്മുടെ പ്രവർത്തി

കളിലൂടെയല്ല ദൈവത്തിന്റെ നീതിയെ നാം പ്രാപിക്കുന്നത്. പിന്നയോ വിശ്വാസത്താലാണ്.

നമ്മൾ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ദൈവം അതു നീതിയായി കാണുന്നു. അക്ഷരാർത്ഥത്തിൽ യേശു ക്രിസ്തുവിന്റെ രക്തം മൂലം നാം അവനോടു നിരപ്പു പ്രാപിച്ചിരിക്കുന്നു എന്ന് ദൈവം തീരുമാനിച്ചിരിക്കുകയാണ്. അവൻ സർവ്വാധികാരിയായ ദൈവമാണ്, അവന്റെ ഹിതപ്രകാരമുള്ള ഏതു തീരുമാനവവും എടുക്കാൻ അവനു സാധിക്കും.

അടുത്ത അദ്ധ്യായത്തിന്റെ ഒന്നാം വാകൃത്തിൽ ഈ കാരൃത്തെ ചുരുക്കമായി പൗലൂസ് എഴുതിയിരിക്കുന്നു: ❤"*വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം (അഭിഷിക്തനായ മശിഹ) നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.*" (റോമർ 5:1).

ദൈവനീതി ഒരിക്കലും നമ്മുടെ അസ്ഥിരതയുള്ള പ്രവർത്തികൾ മൂലമല്ല, മറിച്ച് ദൈവത്തിന്റെ പൂർത്തിയാക്കപ്പെട്ട പ്രവർത്തിയിലൂടെയാണ്.

സങ്കീർത്തനം 37:25ൽ ദാവീദു എഴുതിയിരിക്കുന്നു: ❤"*ഞാൻ ബാലനായിരുന്നു വൃദ്ധനായിത്തീർന്നു; നീതിമാൻ തുണയില്ലാതെയിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല. ഞാൻ അതു വിശ്വസിക്കുന്നു, മാതാപിതാക്കളായ നമ്മൾ യേശുക്രിസ്തു മൂലം നമുക്കു ലഭിച്ചിരിക്കുന്ന ദൈവനീതിയിൽ നിലനിൽക്കുന്നുവെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളും അതുപ്രാപിക്കുന്നതാണ്.*"

മാതാപിതാക്കളായ നമ്മൾ ദൈവം നമ്മുടെ മക്കളെ സ്നേഹിക്കുന്നു എന്നും അവർ ദൈവത്തിനു പ്രത്യേകതയുള്ളവരും അവരുടെ ജീവിതത്തിനായി ദൈവം വിശേഷമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ അവരും ദൈവത്തിന്റെ നീതിയായി തീർന്നു എന്നും മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്താൽ ആ സത്യത്താൽ പൊതിയപ്പെട്ടവരായ മക്കൾ അതു അംഗീകരിപ്പാനും ദൈവികവാഗ്ദത്തങ്ങളെ അവരുടേതാക്കി തീർക്കുവാനും ഇടയാകും.

സദൃശ്യവാക്യങ്ങൾ 20:7ൽ ❤ "*പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ, അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ*" *(നീതിമാൻ പരമാർത്ഥതയിൽ നടക്കുന്നതിനാൽ അവന്റെ സന്തതികളും സന്തോഷമുള്ളവരും അസൂയാർഹമായ ഭാഗ്യാവസ്ഥ പ്രാപിക്കുന്നവരും ആയിതീരും).*

സങ്കീർത്തനം 37:39ൽ നാം വായിക്കുന്നു: ❤ "*നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽ നിന്നു വരുന്നു കഷ്ടകാലത്ത് അവൻ അവരുടെ ദുർഗ്ഗം ആകുന്നു.*"

കർത്താവു നിങ്ങളുടെ ഭാഗത്താണ്, അവന്റെ വചനവും, വാഗ്ദത്തങ്ങളും, സമാധാനവും, നീതിയും സംരക്ഷണവും സത്യവും പ്രതികൂലങ്ങളുടെമേൽ ജയഭേരി മുഴക്കുന്നതുമാകുന്നു.

യെശയ്യാവ് 54:17 ലെ വാഗ്ദത്തം കർത്താവു നൽകിയതാകയാൽ അതു ഏറ്റു പറയുക: ❤ "*നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല. ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനേയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസന്മാരുടെ*

*അവകാശവും എന്റെ പക്കൽ നിന്നുള്ള അവരുടെ നീതിയും ഇതു തന്നെ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.*"

സങ്കീർത്തനം 34:15ൽ ദാവീദു പറയുന്നു.

❤ "*യഹോവയുടെ കണ്ണ് നീതിമാൻമാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.*" *അക്ഷരാർത്ഥത്തിൽ ദൈവം നിങ്ങളെ സ്നേഹിക്കയാൽ നിങ്ങളെ നോക്കുകയും കേൾക്കുകയും ചെയ്യുന്നു എന്നാണ്.*

വീണ്ടും 17,19,22 വാകൃങ്ങളിൽ

❤ "*നീതിമാൻ നിലവിളിച്ചു യഹോവ കേട്ടു, സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു.*"

"*നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു, അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു.*"

"*യഹോവ തന്റെ ദാസന്മാരുടെ പ്രാണനെ വീണ്ടുകൊള്ളുന്നു, അവനെ ശരണമാക്കുന്നവരാരും ശിക്ഷ അനുഭവിക്കുകയില്ല.*"

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതു മുതൽ നിങ്ങൾ അവനിൽ വളർന്നു തുടങ്ങുകയാണ്. വേണമെങ്കിൽ നിങ്ങൾ ഒരു യാത്രയിൽ ആണെന്നു പറയാം. യാത്രയ്ക്കിടയിൽ ചിലപ്പോൾ തെറ്റുകൾ സംഭവിക്കാം. അതു നിങ്ങളുടെ കൃതൃതയില്ലാത്ത പ്രവർത്തികൾ മൂലമായിരിക്കാം. എന്നാൽ നിങ്ങളുടെഹൃദയം

ദൈവമുമ്പാകെ പൂർണ്ണതയുള്ളതാണെങ്കിൽ നിങ്ങളുടെ യാത്രയിലും അവൻ നിങ്ങളെ പൂർണ്ണനായി അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

യെശയ്യാവ് 54:14 ൽ ദൈവം പ്രഖ്യാപിക്കുന്നു. ❤ "*നീതിയാൽ നീ സ്ഥിരമായി നിൽക്കും, നീ പീഡനത്തോടു അകന്നിരിക്കും; നിനക്കു ഭയപ്പെടുവാനില്ലല്ലോ. ഭീഷണിയോടു നീ അകന്നിരിക്കും. അതു നിന്നോട് അടുത്തുവരികയില്ല.*"

സദൃശ്യവാക്യങ്ങൾ 28:1ൽ

> ❤ "*ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു. നീതിമാന്മാരോ ബാലസിംഹംപോലെ നിർഭയമായിരിക്കുന്നു.*" *(സന്ധിയും ഒത്തുതീർപ്പുമൊന്നുമില്ലാതെ നിലനിൽക്കുന്ന നീതിമാൻ) യേശുക്രിസ്തുമൂലം നിങ്ങൾ ദൈവ നീതിയായിത്തീർന്നു എന്നറിയുകയും, അതിന്റെ പൂർണ്ണ വെളിപ്പാടു ലഭിക്കുകയും ചെയ്താൽ പിന്നെ ഭയത്തിലും ഭീതിയിലും കഴിയേണ്ടി വരികയില്ല, എന്തെന്നാൽ നീതിയുടെ ഫലം ധൈര്യമാണ്.*
>
> "*നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീ നതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; അവൻ പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടവനാകുന്നു. അതുകൊണ്ട് കരുണ ലഭിപ്പാനും (പരാജയങ്ങളിൽ) തക്ക സമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു*

*(പാപികളോടു കാണിച്ച ദൈവകൃപയുടെ സിംഹാസനത്തിനടുത്ത്) അടുത്തു ചെല്ലുക.*"

എബ്രായർ 4:15,16

നാം ദൈവത്തിന്റെ കൃപാസനത്തിനടുത്ത് ധൈര്യത്തോടെ അടുത്തു ചെല്ലുന്നത് നമ്മുടെ പൂർണ്ണതകൊണ്ടല്ല, പിന്നെയോ ദൈവത്തിന്റെ സംപൂർണ്ണതയാലാണ്. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ (കുററ വിമുക്തനാക്കി, നീതികരിച്ച്, ദൈവവുമായുള്ള പ്രത്യേക ബന്ധത്തിൽ കൊണ്ടുവന്നശേഷം) അവനാൽ എത്ര അധികമായി കോപത്തിൽനിന്നു രക്ഷിക്കപ്പെടും. (റോമർ 5:9).

ഒരു പക്ഷേ ജീവിതകാലം മുഴുവൻ നിങ്ങൾ ചോദിച്ചിട്ടുണ്ടായിരിക്കും. "എനിക്കെന്താണു കുഴപ്പം?"

അങ്ങനെയെങ്കിൽ ഞാൻ ഇതാ നിങ്ങൾക്കായി ഒരു നല്ല വാർത്ത പ്രഖ്യാപിക്കുന്നു: നിങ്ങൾ നീതിയാക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ നിങ്ങളെക്കുറിച്ച് ചില ശരികൾ യാഥാർത്ഥ്യങ്ങളുണ്ട്.

ഇതുകൊണ്ടാണ് പലപ്പോഴും ജനം ഏറ്റു പറച്ചിൽ നടത്തമെന്നു പറയുന്നത് ഞാൻ ആയിരിക്കേണ്ട സ്ഥാനത്തു ചിലപ്പോൾ എത്തിയിട്ടില്ലായിരിക്കും. എങ്കിലും ദൈവത്തിനു സ്തോത്രം ചെയ്യുന്നു എന്തന്നാൽ ആയിരുന്ന പഴയ സ്ഥാനത്തല്ലിപ്പോൾ. ഞാൻ ഓകെയാണ്, ഞാൻ എന്റെ യാത്രയിലാണ്.

'*മാറ്റം*' ഒരു തുടർച്ചയാണെന്ന് ഓർക്കണം. ആകയാൽ നിങ്ങൾ ഒരു തുടർച്ചയിലാണ്, എങ്കിലും ഈ മാറ്റത്തിൽ നിങ്ങളെ ദൈവം നീതിയായി കാണുന്നു.

നിങ്ങൾ നീതിയാണ്. യേശുക്രിസ്തുവിന്റെ രക്തംമൂലം നിങ്ങൾക്കു ദൈവം തന്നിരിക്കുന്ന ഒരു അവസ്ഥയാണിത്.

നിങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന മാറ്റം ദൈവം നിങ്ങൾക്കു വിശ്വാസത്താൽ തന്നിരിക്കുന്ന നീതി എന്ന അവസ്ഥയാണ്.

ദൈവത്തിനു മഹത്വം!

ഇതു ശക്തിയുള്ളതാണ്!

ദൈവസ്നേഹവും നീതിയും പ്രാപിക്കുമ്പോൾ നിങ്ങൾ തീർച്ചയായും സുരക്ഷിതമില്ലായ്മയിൽ നിന്നും,ത്യജിക്കപ്പെട്ടിരിക്കുന്നു എന്ന ഭയത്തിൽനിന്നും വിടുതൽ പ്രാപിക്കും.

ഇപ്പോൾ തന്നെ, എല്ലാം നിർത്തിയിട്ട് ഉറക്കെ പ്രഖ്യാപിക്കുക "*ഞാൻ യേശുക്രിസ്തുവിൽ ദൈവത്തിന്റെ നീതി ആകുന്നു.*" ഇതു ദിവസവും പല പ്രാവശ്യം ആവർത്തിച്ചു പറയാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്.

റോമർ: 14:17ൽ അപ്പോസ്തലനായ പൗലൂസ് പറയുന്നു: ❤ "*ദൈവരാജ്യം ഭക്ഷണവും പാനീയവുമില്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ.*" *നീതി സമാധാനത്തിലേക്കും, സമാധാനം സന്തോഷത്തിലേക്കും നയിക്കുന്നു.*

നിങ്ങൾക്കു സമാധാനവും സന്തോഷവും ഇല്ലെങ്കിൽ നീതിയെക്കുറിച്ചുള്ള വെളിപാട് നഷ്ടപ്പെട്ടിരിക്കുന്നു എന്നു സാരം. ദൈവം നിങ്ങളെ ശാരീരികമായും, സാമ്പത്തികമായും അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നു.

എങ്ങനെ ആയാലും, തെറ്റു ചെയ്യുന്നവരും, ശിക്ഷാവിധിക്കധീനരുമായ ജനം അഭിവൃദ്ധി പ്രാപിക്കയില്ല. എന്നാൽ

നീതിമാന്മാർ – തങ്ങൾ നീതിമാനാരെന്ന് തിരിച്ചറിഞ്ഞവർ സുരക്ഷിതരും അഭിവൃദ്ധി പ്രാപിച്ചവരും ആയിരിക്കുമെന്നു ബൈബിൾ പറയുന്നു.

നിങ്ങളെക്കുറിച്ചു ദൈവം എന്തു പറയുന്നു എന്നറിയാമോ? സങ്കീർത്തനം 1:3ൽ "*യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ കല്പനകൾ പ്രമാണിക്കുന്നവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതുമായ വൃക്ഷം പോലിരിക്കും. നിന്റെ ഇല വാടുകയില്ല, നീ ചെയ്യുന്നതൊക്കെ സാധിക്കും.*"

നിനക്കുള്ള തെറ്റുകളെയല്ല ദൈവത്തോടു കൂടെയുള്ള നിന്റെ ശരിയായ സ്ഥാനത്തെക്കുറിച്ചു ധ്യാനിക്കുക.

യോശുവ 1:8ൽ വായിക്കും പ്രകാരം: ❤ "*ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരിക്കണം. എന്നാൽ നിന്റെ പ്രവർത്തി സാധിക്കും, നീ കൃതാർത്ഥനായും ഇരിക്കും.*"

സങ്കീർത്തനം 1:2,3 ഓർക്കുക, നിങ്ങൾ പതിവായി ദൈവവചനം രാവും പകലും ധ്യാനിക്കുകയാണെങ്കിൽ ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷംപോലെ തക്ക കാലത്തു ഫലം കായ്ക്കയും, നിങ്ങളുടെ പ്രവർത്തികൾ എല്ലാം സാധിക്കയും ചെയ്യും.

ദൈവവചനം ധ്യാനിക്കുകയും സംസാരിക്കുകയും ചെയ്യുക. സാത്താൻ നിങ്ങളെ ആക്രമിക്കുമ്പോൾ ദൈവവചനത്താൽ അവനോടു എതിർക്കുക. യേശുക്രിസ്തു പിശാചിനെ ജയിച്ചത് ദൈവവചനം കൊണ്ടാണെന്ന കാര്യം വിസ്മരിക്കരുത്. (ലൂക്കോ 4:4,8,10).

സദൃശ്യവാക്യങ്ങൾ: 18:10ൽ വായിക്കുക. ❤"*യഹോവയുടെ നാമം ബലമുള്ള ഗോപുരം, നീതിമാൻ അതിലേയ്ക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു.*"

സങ്കീർത്തനം 72:7 നോക്കുക. ❤"*അവന്റെ കാലത്തു നീതിമാന്മാർ (ദൈവത്തോടു ചേർന്ന നിൽക്കുന്നവൻ) തഴയ്ക്കട്ടെ; ചന്ദ്രനുള്ളിടത്തോളം സമാധാന സമൃദ്ധി ഉണ്ടാകട്ടെ.*" *(ചന്ദ്രൻ ഇല്ലാതാകുംവരെ നീതിമാന്മാർ തഴയ്ക്കട്ടെ; ദൈവം നിന്റെ നീതിയെ സ്വീകരിച്ചിരിക്കയാൽ നിന്റെ സമാധാനം സമൃദ്ധിയുള്ള താകട്ടെ.)*

നിങ്ങൾ പക്ഷേ വിചാരിച്ചേക്കാം, അപ്പോൾ ഞാൻ ചെയ്തിട്ടുള്ള ഭയങ്കര കാര്യങ്ങളോ?

എബ്രായ ലേഖനത്തിന്റെ 10:16-18 ൽ ദൈവം തന്റെ ജനങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്ന വചനം ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ;

> ❤"*ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോടു ചെയ്വാനിരിക്കുന്ന നിയമം (ഉടമ്പടി) ഇങ്ങനെയാവുന്നു.*
>
> എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ (ചിന്തയുടെ ആഴങ്ങളിലും, ഗ്രഹണശക്തിയിലും) എഴുതും എന്നു കർത്താവിന്റെ അരുളപ്പാട്."
>
> "*അവരുടെ പാപങ്ങളേയും അകൃത്യങ്ങളേയും ഞാൻ ഇനി ഓർക്കുകയില്ല.*" *എന്നരുളിച്ചെയ്യുന്നു.*

*"എന്നാൽ ഇവയുടെ മോചനം ഉള്ളേടത്തു (പാപങ്ങളേയും ശിക്ഷയുടെ പൂർണ്ണമായ ഇളവും) ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല."*

മറ്റൊരു പ്രകാരത്തിൽ നിന്റെ പാപത്തിന്റെ ശിക്ഷാ വിധിയ്ക്കുള്ള പിഴ കൊടുത്തു തീർന്നിരിക്കുന്നു. യേശുക്രിസ്തു അതു തന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തിയിൽ നിവൃത്തിച്ചിരിക്കയാൽ നീ അതിനായി ഒന്നും ചെയ്യേണ്ടതില്ല. എന്നാൽ നിങ്ങൾ ചെയ്യേണ്ടതായ ഒരു കാര്യം ദൈവം സൗജന്യമായി തന്നിരിക്കുന്നു എന്നു വിശ്വസിക്കുക മാത്രമാണ്.

എബ്രായർ 10:19,20 കാണുക: ❤ *"യേശു തന്റെ ദേഹം എന്ന തിരശീലയിൽ കൂടെ (ബലി മുഖാന്തരം) നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ (രക്തത്തിന്റെ ഗുണവും ശക്തിയും മൂലം) വിശുദ്ധ മന്ദിരത്തിലേക്കുള്ള (തിരുസന്നിധിയിലേക്ക്) പ്രവേശത്തിനു ധൈര്യവും സ്വാതന്ത്ര്യവും തന്നിരിക്കുന്നു."*

നിന്നെയും ദൈവത്തെയും തമ്മിൽ വേർപിരിപ്പാൻ ഇനി ഒരു തിരശീലയുടെ ആവശ്യം ഇല്ല.

എത്രയോ മഹത്വമുള്ള വാർത്ത:

നിങ്ങൽക്കു ദൈവത്തിന്റെ കൂട്ടായ്മയിലേക്കു ധൈര്യത്തോടെ വരാം, എന്തെന്നാൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്ന, പിഴ കൊടുത്തു ശിക്ഷ നീക്കിക്കളഞ്ഞിരിക്കുന്നു.

ആനന്ദിക്കുക! യേശുക്രിസ്തുവിൽ നിങ്ങൾ ദൈവത്തിന്റെ നീതി ആയിതീർന്നിരിക്കുന്നു. (2 കൊരിന്ത്യർ 5:21).

# 4

# നിങ്ങളുടെ ജീവിതത്തിലെ ഭയത്തിന്മേൽ വിജയം കൈവരിക്കുക

നിങ്ങൾക്കു നിങ്ങളെക്കുറിച്ചുതന്നെ ഭയമുണ്ടോ?

*"ഫിയർനോട്ട് മൈ ചൈൽഡ്"* എന്ന ഗാനത്തിൽ കർത്താവ് ജീവന്റെ ഈ വചനങ്ങൾ പറയുന്നു:

*"എന്റെ കുഞ്ഞേ ഭയപ്പെടേണ്ട*
*എല്ലായ്പ്പോഴും ഞാൻ നിന്നോട് കൂടെയുണ്ട്.*
*നിന്റെ ഓരോ വേദനകളും ഞാനറിയുന്നു*
*നിന്റെ കണ്ണുനീർ ഞാൻ കാണുന്നു.*
*എന്റെ കുഞ്ഞേ ഭയപ്പെടേണ്ട*
*എല്ലായ്പ്പോഴും ഞാൻ നിന്നോട് കൂടെയുണ്ട്.*
*എനിക്കുള്ളവരുടെ ഭാരങ്ങൾ എങ്ങനെ*
*ഏറ്റെടുക്കണമെന്ന് എനിക്കറിയാം"*

2 തിമോഥയോസ് 1:7ൽ അപ്പോസ്തലനായ പൗലൂസ് തന്റെ യൗവ്വനക്കാരനായ ശിഷ്യൻ ഭയപ്പെടാതെ ശുശ്രൂഷ ചെയ്യേണ്ട തിന് പ്രബോധിപ്പിച്ചെഴുതുകയാണ്. ❤ *"ഭീരുത്വത്തിന്റെ (പേടിക്കുടലൽ, ചുണകെട്ടവൻ, വാലാട്ടിനിൽക്കുക, കീഴടങ്ങുക) ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും, സുബോ ധത്തിന്റേയും (ശാന്തതയും, ചിട്ടയുള്ളതും, ആത്മസംയമനം ഉള്ള തുമായ) ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."*

ഈ വാക്യം ഓർക്കുകയും, ആകുലചിന്തയും ഭയവും കൊണ്ടു ജീവിതം തകർക്കുന്ന പരീക്ഷാ സമയങ്ങളിൽ ഈ വാക്യം ആവർത്തിച്ചു പറഞ്ഞു ജയം നേടുകയും വേണം.

ഭയം ദൈവത്തിൽ നിന്നുള്ളതല്ല. സാത്താനാണ് നിങ്ങളുടെ ഹൃദയങ്ങളിൽ ഭയം നിറയ്ക്കുന്നത്. നിങ്ങളുടെ ജീവിതത്തിനായി ദൈവത്തിനു ഒരു പദ്ധതിയുണ്ട്. അവനിൽ വിശ്വസിച്ചുകൊണ്ട് ആ പദ്ധതി അംഗീകരിക്കുക. എന്നാൽ, ഓർക്കുക സാത്താനും നിങ്ങൾക്കായി ഒരു പദ്ധതി കരുതിയിട്ടുണ്ട്. അതു സ്വീകരിച്ചാൽ ഫലം ഭയമായിരിക്കും.

സങ്കീർത്തനക്കാരൻ ഇപ്രകാരം എഴുതി. ❤ *"ഞാൻ യഹോവ യോടു അപേക്ഷിച്ചു (അവന്റെ വചനപ്രകാരം, വചനത്തിന്റെ അധി കാര പ്രകാരം) അവൻ എനിക്ക് ഉത്തരം അരുളി; എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു."* (സങ്കീ. 34:4).

യേശുവാണ് നിങ്ങളെ വിടുവിക്കുന്നവൻ, ഹൃദയപൂർവ്വം അവനെ അന്വേഷിച്ചാൽ, അവൻ നിങ്ങളെ സകല ഭയങ്ങളിൽനിന്നും വിടുവിക്കും. ഭയത്തിനടിമപ്പെട്ട അവന്റെ ശിഷ്യ ന്മാരോടു അവൻ പറഞ്ഞതു യോഹന്നാൻ 14:27 ൽ നോക്കുക. ❤ *"...നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്." (പേടി*

*ക്കുടലൻ ആകാൻ സ്വയം അനുവദിക്കരുത്, നീരസത്തിനും അസ്വ സ്ഥതകൾക്കും അവസരം കൊടുക്കാതിരിക്കുക)*

എന്താണിതിന്റെ അർത്ഥം! നിങ്ങൾ ഭയത്തിന് എതിരായി ഒരു ആക്രമണം തന്നെ നടത്തി അതിനെ തടയണം. ഇന്നുതന്നെ ഒരു തീരുമാനം എടുക്കുകയും മേലിൽ ഭീരുത്വത്തിന്റെ ആത്മാവ് നിങ്ങ ളുടെ മേൽ കർത്തൃത്വം നടത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യുക.

സങ്കീർത്തനം 56:3,4 കർത്താവിനെക്കുറിച്ചു ദാവീദു പറയുന്നതു ശ്രദ്ധിക്കുക.

> ❤ "*ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴ്ത്തും ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല, ജഡത്തിന് (മനുഷ്യന്) എന്നോടു എന്തു ചെയ്യാൻ കഴിയും?*"

യെശയ്യാവ് 41:10 ൽ ദൈവം തന്റെ ജനത്തിന് ഉറപ്പു കൊടു ക്കുന്നു: ❤ "*നീ ഭയപ്പെടേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള (ജയമുള്ള, നീതിയും ന്യായവുമുള്ള) വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും.*"

എബ്രായർ 13:5 ൽ ഭൗതിക ധനസമ്പാദനത്തിന്റെ തെറ്റായ സമീപനത്തിനെതിരായി മുന്നറിവും സംരക്ഷണത്തിന്റെ ഉറപ്പും തരുന്നു. ❤ "നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ." ഞാൻ (ദൈവം) നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. *(ഒരു പ്രകാര*

*ത്തിലും സഹായമറ്റവരായി വിട്ടുകളയുകയില്ല, പരാജയപ്പെടുത്തുകയില്ല) എന്ന് അവൻ തന്നെ അരുളിച്ചെയ്യുന്നു.*

6-ാം വാക്യം തുടർന്നു പറയുന്നു: ❤ "*ആകയാൽ കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല (ഭ്രമിക്കയില്ല) മനുഷ്യൻ എന്നോടു എന്തു ചെയ്യും.*"

എത്ര ആശ്വാസപ്രദവും,പ്രോത്സാഹജനകവും ഉറപ്പോടെയും ധൈര്യത്തോടെയും ഏറ്റു പറയാവുന്ന ഒരു വചനമാണിത്! ❤ "*തെറ്റായ തെളിവുകൾ ശരിയായി കാണിക്കുന്നു*" എന്ന ഒരർത്ഥം കൂടി ഭയത്തിന് ഉണ്ട്. F-e-a-r - False Evidence appearing real. നിങ്ങളുടെ ഇപ്പോഴത്തെ സാഹചര്യത്തെ എടുത്തുകാട്ടി ഭാവി പരാജയപ്പെടുമെന്ന് പറയാനാണ് ശത്രു ആഗ്രഹിക്കുന്നത്; എന്നാൽ ബൈബിൾ പറയുന്നത്, നമ്മുടെ ഇന്നത്തെ സാഹചര്യങ്ങൾ എത്ര ദോഷമുള്ളവയായാലും ദൈവത്തിനു അസ്സാദ്ധ്യമായി ഒന്നുമില്ല, അവൻ എല്ലാം ശരിയാക്കും. (മർക്കോസ് 9:17-23).

യെശയ്യാവ് 41:13ൽ നാം വായിക്കുന്നു: ❤ "*നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലംകൈ പിടിച്ചു നിന്നോടു ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു.*" *ഇതിനർത്ഥം, നീ ഒരു ചീത്തവാർത്ത കേട്ടാലും ഭയപ്പെടേണ്ടതില്ലന്നാണ്, നിന്റെ ആശ്രയം ദൈവത്തിൽ വയ്ക്കുക. അവൻ എല്ലാം നിന്റെ നന്മയ്ക്ക് ആക്കി തീർക്കും.*

റോമർ 8:28ൽ ❤ "*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ.*" *(അവന്റെ മാതൃകപ്രകാരവും ഉദ്ദേശപ്രകാരവും)*

യെശയ്യാവ് 43:1-3ൽ നാം വായിക്കുന്നു. ❤ "*ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും യിസ്രായേലേ (യാക്കോ*

*ബിന്റെ മറുപേര്) നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു: നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ നദികളിൽകൂടെ കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടി നടന്നാൽ വെന്തു പോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ!" ഭയപ്പെടുന്ന സമയം ഈ വചനങ്ങൾ ഉറക്കെ ഏറ്റു പറയാൻ പഠിക്കുക, നീ ഒറ്റയ്ക്കായിരിക്കുന്ന സമയത്തു ഇതു ഉച്ചത്തിൽ പറയുക. അങ്ങനെ ഒരു ആത്മീക അന്തരീക്ഷം ഉണ്ടാക്കി ഭയത്തെ പുറത്താക്കുക. ദൈവവചനം പ്രസ്താവിക്കുന്നതിലൂടെ നിങ്ങൾ പിശാചിന്റെ വകയല്ലന്നും അവന്റെ പീഡനങ്ങളുടെ ജീവിതം അനുഭവിക്കാനില്ലെന്നുമുള്ള നോട്ടീസു നല്കുകയാണ്.*

ഓർമ്മിക്കുക, ഭയത്തിനു ദണ്ഡനം ഉണ്ടെന്നാണ് ബൈബിളിൽ പറയുന്നത് (1 യോഹ. 4:18) എന്നാൽ ഈ ദണ്ഡനത്തിൽ നിന്നു നമുക്കു വിടുതൽ നല്കാനാണ് യേശു മരിച്ചത്. എഫേസ്യർ 3:12ൽ പൗലൂസ് നമുക്കു യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഫലത്തെ കുറിച്ചു പറയുന്നു.

❤ *"അവനിൽ ആശ്രയിച്ചിട്ട് അവനിലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്. അതുകൊണ്ട്...... അധൈര്യപ്പെട്ടു പോകരുത്." (ഭയം മൂലം ക്ഷീണിച്ചു പോകരുത്)*

സങ്കീർത്തനം 46:1,2 നമ്മെ ഓർമ്മിപ്പിക്കുന്നു.

❤ *"ദൈവം നമ്മുടെ സങ്കേതവും, ബലവും ആകുന്നു, കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും നാം ഭയപ്പെടുകയില്ല."*

യോശുവയുടെ രണ്ടാം അദ്ധ്യായത്തിൽ ദൈവം യോശുവയെ ആവർത്തിച്ചു പ്രോത്സാഹിപ്പിക്കുന്നത്. ഉറപ്പും ധൈര്യവും ഉള്ള വനായിരിപ്പാനാണ്. വാക്യം 6,9 നോക്കുക. നിന്റെ ദൈവമായ ഞാൻ നീ പോകുന്നേടത്തൊക്കെയും നിന്നോടു കൂടി ഇരിക്കും, ആകയാൽ നീ ഭയപ്പെടരുത്. ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക എന്നു പറഞ്ഞിരിക്കുന്നു. യോശുവയ്ക്കു കൊടുത്ത അതേ ദൂതാണ് ദൈവം നമുക്കു തരുന്നത്. ഞാൻ നിന്നെ കൈവിടുക യില്ല ഉപേക്ഷിക്കുകയുമില്ലെന്ന് എബ്രാ. 13:5ലും, അവന്റെ ദൃഷ്ടി നമ്മുടെ മേൽ സദാ ഉണ്ടായിരിക്കുമെന്ന് സങ്കീർത്തനം 33:18 ലും, അവന്റെ ഉള്ളംകൈയിൽ നമ്മെ വരച്ചു വച്ചിരിക്കുന്നു എന്നും യെശയ്യാവ് 49:16ലും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഭയപ്പെ ടാതെ ഉറപ്പും ധൈര്യവും ഉള്ളവനായി നാം തീരണം.

മത്തായി 6:34ൽ യേശു നടത്തിയ ഗിരിപ്രഭാഷണത്തിൽ ഇപ്ര കാരം ഉത്ബോധിപ്പിച്ചു. ❤ *"അതുകൊണ്ട് നാളെക്കായി വിചാര പ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ, അതാതു ദിവസത്തിനു അന്നന്നത്തെ ക്ലേശം മതി!"*

മത്തായി 8:23-27 വരെ ഭാഗത്തു കടൽ കാററിൽപ്പെട്ട് ഉഴലുന്ന ശിഷ്യന്മാരോടു കർത്താവു ചോദിക്കുന്നു. ❤ *"അല്പനിവാസിക*

*ളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത്? എന്നിട്ട് അവൻ എഴുന്നേറ്റ് കാറ്റിനേയും കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി."* (അത്ഭുതകരവും പൂർണ്ണതയുമുള്ളതുമായ സമാധാനം) വാ. 26.

ലൂക്കോസ് 12:25,26 ൽ യേശു ചോദിക്കുന്നു: ❤ *"വിചാരപ്പെടുന്നതിനാൽ എന്താണു ഗുണം? അതെന്തെങ്കിലും നല്ലതു ചെയ്യുമോ? അതു നിന്റെ ജീവിതത്തിന് ഒരു മുഴം (ഒരു ദിവസം) നീളമെങ്കിലും കൂട്ടുമോ? ഇല്ല, ഒരിക്കലുമില്ല, ഒരു ചെറിയ കാര്യം ചെയ്യാൻ അതിനു കഴികയില്ലെങ്കിൽ പിന്നെ എന്തിനു വലിയ കാര്യങ്ങൾക്കായി വിചാരപ്പെട്ടു വിഷമിക്കുന്നു?"*

❤ *ഭയപ്പെടേണ്ട, യെശയ്യാവ് 54:4 ൽ പറയുന്നു: "നീ ലജ്ജിച്ചു പോകയില്ല, ഭ്രമിക്കേണ്ട, നീ നാണിച്ചു പോകയില്ല. നിന്റെ യൗവ്വനത്തിലെ ലജ്ജ നീ മറക്കും: നിന്റെ വൈധവ്യത്തിലെ നിന്ദ ഇനി ഓർക്കുകയുമില്ല. നിന്റെ സൃഷ്ടാവാകുന്നു നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം. യിസ്രായേലിന്റെ പരിശുദ്ധനാകുന്ന വീണ്ടെടുപ്പുകാരൻ സർവ്വഭൂമിയുടെയും ദൈവം എന്നവൻ വിളിക്കപ്പെടുന്നു."*

പിന്നെയും യെശയ്യാവ് 35:4 ൽ നാം വായിക്കുന്നു: ❤ *"മനോഭീതിയുള്ളവനോടു: ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട, ഇതാ നിങ്ങളുടെ ദൈവം; പ്രതികാരവും ദൈവത്തിന്റെ പ്രതിഫലവും വരുന്നു. അവൻ വന്നു നിങ്ങളെ രക്ഷിക്കും."*

ദൈവം നിന്റെ അകത്തെ മനുഷ്യനെ ശക്തീകരിക്കും. അവന്റെ ബലവും, ശക്തിയും കൊണ്ട് നിങ്ങളെ നിറയ്ക്കും, അങ്ങനെ നിങ്ങളെ ഭയത്തിലേക്കു നയിക്കുന്ന പരീക്ഷകൾക്കു

നിങ്ങളുടെമേൽ വിജയം വരിക്കാൻ കഴിയാതെയാകും. (എഫേസ്യർ 3:16).

ഭയത്തെക്കുറിച്ച് ദൈവം എനിക്കു നൽകിയ ഒരു വലിയ വെളിപ്പാട് നിങ്ങളുമായി പങ്കുവയ്ക്കാൻ എനിക്കാഗ്രഹമുണ്ട്. ദൈവം തന്റെ വചനത്തിൽ കൂടെ ❤ *"ഭയപ്പെടേണ്ട"* എന്നു പറയുമ്പോൾ നാം ഭയത്തിന്റെ അനുഭവത്തിലേക്കു അടുക്കരുതെന്നു കല്പിക്കയല്ല, മറിച്ച് നിങ്ങൾ ഭയപ്പാടിലേക്കു അടുക്കുന്ന സമയത്താണ് സാത്താൻ നിങ്ങളെ ആക്രമിച്ചു ഭയപ്പെടുത്തുന്നത്. ആകയാൽ പുറകോട്ടു തിരിഞ്ഞോടുകയല്ല വേണ്ടത്. പിന്നെയോ നിങ്ങൾ പേടിച്ചാലും മുന്നോട്ടു തന്നെ പോകയാണു വേണ്ടത്.

ഭയം മൂലം പല വർഷങ്ങൾ ഒരു പേടിക്കടലിൽ ആയി ഞാൻ ജീവിച്ചു. എന്നാൽ ഇപ്പോൾ എനിക്കു മനസ്സിലായി എങ്ങനെയാണു ഭയത്തെ അതിജീവിക്കേണ്ടതെന്ന്. അതിനുള്ള വഴി ഭയത്തെ നേരിടുക തന്നെയാണ്. അഥവാ ചെറുത്തു നിൽക്കുക, സമ്മർദ്ദത്തോടെ അതിലൂടെ പോകയും പേടിയുണ്ടെങ്കിൽ പോലും ദൈവം എന്തു പറഞ്ഞിരിക്കുന്നുവോ അതു തീർച്ചയായും ചെയ്യുകയുമാണ്.

സങ്കീർത്തനം 34:4 (ലിവിംഗ് ബൈബിൾ വേർഷനിൽ) ❤ *"ഞാൻ അവനോടു നിലവിളിച്ചു, അവൻ എനിക്കു ഉത്തരമരുളുകയും ചെയ്തു, എന്റെ എല്ലാ ഭയങ്ങളിൽനിന്നും വിടുവിച്ചു."* യോഹന്നാൻ നമ്മെ ഓർമ്മിക്കുന്നതു: ❤ *"സ്നേഹത്തിന് ഭയമില്ല, തികഞ്ഞ സ്നേഹം (പൂർണ്ണവളർച്ചയെന്തിയാ സംപൂർണ്ണമായതു) ഭയത്തെ വാതിലിനു പുറത്താക്കുന്നു (പിൻതുടർന്നു ഓടിക്കുന്നു) എന്തുകൊണ്ടെന്നാൽ സ്നേഹത്തിന്റ പൂർണ്ണതയിൽ എത്തിയിട്ടി*

*ല്ലാത്തവരിൽ ശിക്ഷാവിധിയുടെ ചിന്തയെ എത്തിക്കുകയാണ് ഭയത്തിന്റെ പ്രവർത്തി.*" (1 യോഹ. 4:18).

ഓർമ്മിക്കുക, ദൈവം നിങ്ങളെ സ്നേഹിക്കുന്നു! അവൻ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ട് നിങ്ങൾ ഭയത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കേണ്ടതിനായി അവന്റെ പൂർണ്ണസ്നേഹത്തിൽ നിങ്ങൾക്കായി കരുതുന്നു.

ഒരു പക്ഷേ സ്വപ്നത്തിൽപോലും സ്വാതന്ത്ര്യം പ്രതീക്ഷിക്കാൻ കഴിയാത്തവണ്ണം അത്ര അസാദ്ധ്യമായിരിക്കാം നിങ്ങൾക്കിപ്പോഴുള്ള ബഹുവിധ ഭയങ്ങൾ. എന്നാൽ ഒരു കാര്യം ഓർക്കുക, നിങ്ങളുടെ ഏതുവിധ പ്രശ്നങ്ങളെയും ഒറ്റയടിക്കു മാറ്റുവാൻ ദൈവത്തിനു കഴിയും, എങ്കിലും സാധാരണ ഓരോന്നായി തീർത്തുതരികയാണ് പതിവ്. അതുകൊണ്ട് ദൈവം നിങ്ങളിൽ പ്രവർത്തിക്കുന്നു എന്നറിഞ്ഞ് ഉത്സാഹമുള്ളവരായിരിപ്പീൻ. യാതൊരു സംശയവും വേണ്ട, ദൈവം നിങ്ങളിൽ ആരംഭിച്ച നല്ല പ്രവർത്തിയെ അവൻ തികയ്ക്കും (ഫിലി. 1:6).

❤ *യഹോവ എന്റെ വെളിച്ചവും രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും? സങ്കീർത്തനക്കാരൻ ചോദിക്കുന്നു (സങ്കീ. 27:1)* ❤ "*എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്റെ മാംസം തിന്നുവാൻ (എന്നെ നശിപ്പിക്കുവാൻ) എന്നോട് അടുക്കുമ്പോൾ ഇടറി വീഴും; ഒരു സൈന്യം എന്റെ നേരെ പാളയം ഇറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുക യില്ല; ദൈവം എന്നെ രക്ഷിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിച്ചിരിക്കുന്നു.*"

വാക്യങ്ങൾ 5,6 ൽ ദാവീദ് വീണ്ടും പറയുന്നു: ❤ "*അനർത്ഥ ദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും ........*

*പാറമേൽ എന്നെ ഉയർത്തും, ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും (ശത്രുക്കളുടെ കൈ എത്താത്തവിധം ഉയരമുള്ള പാറമേൽ ആക്കുന്നു) ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും" (യഹോവയുടെ സന്നിധിയിൽ യാഗങ്ങൾ അർപ്പിച്ച് വലിയ സന്തോഷത്തോടെ അവനു കീർത്തനങ്ങൾ പാടും)*

ദാവീദു രാജാവിനുവേണ്ടി ദൈവം ചെയ്തത് നമുക്കുവേണ്ടിയും ചെയ്യും. എല്ലാ ഭയങ്ങളിൽനിന്നും നമ്മെ വിടുവിക്കുവാൻ അവൻ ശക്തനാണ്.

ദാനിയേലിനോട് ദൈവദൂതൻ പറയുന്നതു കേൾക്കുക; അവന്റെ പ്രാർത്ഥന തീർച്ചയായും കേട്ടിരിക്കുന്നു എന്നുള്ള ഉറപ്പായിരുന്നു അത്: ❤ *"ദാനിയേലേ, ഭയപ്പെടേണ്ട, നീ തിരിച്ചറിയേണ്ടതിനും, നിന്റെ ദൈവത്തിന്റെ മുൻപാകെ നിന്നെതന്നെ താഴ്ത്തേണ്ടതിനും മനസ്സുവച്ച ആദ്യ ദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു. നിന്റെ വാക്കു ഹേതുവായി തന്നെ ഞാൻ വന്നിരിക്കുന്നു."* (ദാനിയേൽ 10:12).

ദൈവം നിന്റെ പ്രാർത്ഥനകേൾക്കില്ലെന്നും മറുപടി തരികയില്ലെന്നും പിശാചു നിങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കും. എന്നാൽ ഓർക്കുക, ദൈവവചനം ആത്മാവിന്റെ വാൾ ആകുന്നു (എഫേ. 6:17) വചനമാകുന്ന വാളുകൊണ്ട് നീ ശത്രുവിനെ പരാജയപ്പെടുത്തണം. ഈ വചനങ്ങളെ ഹൃദയ ത്തിൽ ഒളിപ്പിക്കുക, രാവും പകലും അതിനെ ധ്യാനിക്കുക.

ദൈവവചനംകൊണ്ടു മാത്രമേ ശത്രുവിനെ തുരത്തുവാൻ സാധിക്കുകയുള്ളൂ. നിങ്ങൾക്കു ദൈവവചനം നിശ്ചയമുണ്ടെങ്കിൽ സാത്താന്റെ സൂത്രങ്ങളെ തിരിച്ചറിയാൻ കഴിയും, ദൈവവചനം

ഏറ്റുപറയുക അതു, നിന്നെ വിജയത്തിന്റെ സുരക്ഷിതസ്ഥാനത്തു കൊണ്ടെത്തിക്കും.

ഒരു പക്ഷേ നിങ്ങളുടെ മേൽ അധികാരമുള്ളവരുടെ മുമ്പാകെ ഈ വചനം പറയുവാൻ നിനക്കു ഭയമായിരിക്കാം. അതല്ലെങ്കിൽ നിന്റെ മേൽ കുറ്റാരോപണം നടത്തിയ സഭയുടെ മുമ്പാകെ നിന്റെ ഭാഗം തെളിയിക്കുവാൻ കഴിയുന്നില്ലായിരിക്കാം. അങ്ങനെയെങ്കിൽ ലൂക്കോസ് 12:11,12ൽ യേശു പറയുന്നതു ശ്രദ്ധിക്കുക: ❤ *"എന്നാൽ നിങ്ങളെ പള്ളികൾക്കും, ഭരണാധിപന്മാർക്കും മുൻപിൽ കൊണ്ടു പോകുമ്പോൾ എങ്ങനെയോ ഏതോ പ്രതി വാദിക്കേണ്ടു, എന്തു പറയേണ്ടു എന്നു വിചാരപ്പെടേണ്ട. പറയേ ണ്ടതു പരിശുദ്ധാത്മാവു ആ നാഴികയിൽ തന്നെ പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കും."*

നിങ്ങൾ ഭയത്തിലേക്കു പരീക്ഷിക്കപ്പെടുമ്പോൾ സങ്കീ. 23:1-6 ഓർക്കുകയും വിശ്വാസ പ്രഖ്യാപനം നടത്തുകയും ചെയ്യുക. എന്തന്നാൽ ദൈവത്തിന്റെ കരുതലും ദാഹനവും നിങ്ങൾക്കായി വലിയതാണ്.

> ❤ *"യഹോവ എന്റെ ഇടനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല.*
>
> *പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിട ത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരിക ത്തേയ്ക്കു അവൻ എന്നെ നടത്തുന്നു.*
>
> *എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു. തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.*

*മരണനിഴലിൽ താഴ്വരയിൽ കൂടെ നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.*

*എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.*

*നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും."*

# പര്യവസാനം:
# ഉറച്ചു നിൽപ്പിൻ!

ഈ പുസ്തകത്തിൽ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത് ദൈവ സ്നേഹത്തെക്കുറിച്ചും, നിങ്ങൾക്കുവേണ്ടിയുള്ള അവന്റെ മഹത്വമുള്ള ഭാവി പദ്ധതിയെക്കുറിച്ചും, യേശുക്രിസ്തുവിൽ നിങ്ങൾക്കു ലഭിച്ചിരിക്കുന്ന നീതിയെക്കുറിച്ചും, ഭയത്തിൽനിന്നുള്ള വിടുതലിനെക്കുറിച്ചുമാണ്.

ഈ തിരുവെഴുത്തുകളിലെ വാഗ്ദത്തങ്ങൾ എല്ലാം തന്നെ ദൈവത്തിന്റെ ശുശ്രൂഷൻ എന്ന നിലയിൽ നിങ്ങളുടെ അവകാശമാണ്. എന്നിരുന്നാലും ഓർത്തിരിക്കുക, നിങ്ങളിൽ നിന്നിവയെല്ലാം തട്ടിയെടുത്ത് വീണ്ടും നിങ്ങളെ അടിമത്വത്തിലാക്കുവാനാണ് സാത്താൻ പരിശ്രമിക്കുന്നത്.

അതുകൊണ്ടാണ് അപ്പോസ്തലനായ പൗലൂസ് ഗലാത്യർ 5:1ൽ ഇങ്ങനെ പറഞ്ഞത്. ❤ *"സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പീൻ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."*

വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ താക്കോലുകളാണ്. ഉറച്ചുനിൽപ്, ദീർഘക്ഷമ, സഹിഷ്ണത എന്നിവ:

❤ *"അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്, ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്കു ആവശ്യം." (ഉറച്ചുനിന്നും, ദീർഘക്ഷമയോടും, സഹിഷ്ണ തയോടും കൂടെ ദൈവ ഇഷ്ടം പൂർത്തീകരിച്ചു വാഗ്ദത്തം ചെയ്തിരിക്കുന്ന പ്രതിഫലം പ്രാപിക്കണം)*

എബ്രായർ 10:35,36

യേശുക്രിസ്തുവിന്റെ രക്തത്താൽ നിങ്ങൾക്കായി വിലയ്ക്കു വാങ്ങിയിരിക്കുന്നതിൽ സംപൂർണ്ണ സന്തോഷം അനുഭവിക്കാൻ നിങ്ങൾക്കു കഴിയണമെന്നാണ് സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം. ആകയാൽ നിശ്ചയമായും ഇപ്പോൾ തന്നെ പിൻമാറി പോകാതിരി പ്പാനുള്ള തീരുമാനം എടുക്കുക. തുടർന്നു പറയാൻ പോകുന്ന തിരുവെഴുത്തുകളെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി അത് തീരുവോളം ആവർത്തിച്ചു പറയുക.

എല്ലായ്പ്പോഴും ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്നും അവന്റെ വചനത്തിൽ ജീവൻ ഉണ്ട് എന്നും ഓർക്കുക.

# തിരുവെഴുത്തിൻ പ്രകാരമുള്ള ഏറ്റുപറച്ചിൽ

## മുഖവുര: ദൈവവചനം*

“അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി അവരുടെ കുഴികളിൽനിന്ന് അവരെ വിടുവിച്ചു” (സങ്കീർത്തനം 107:20).

ഞാൻ അനുഗ്രഹീതനാണ് (ഭാഗ്യവാൻ, സന്തോഷമുള്ളവൻ, അഭിവൃദ്ധിയുള്ളവൻ, അസൂയാർഹൻ) എന്തുകൊണ്ടെന്നാൽ ഞാൻ ദുഷ്ടന്മാരുടെ ആലോചനയിൽ കൂടുകയോ അവരുടെ വഴിയിൽ നടക്കുകയോ (ഉപദേശപ്രകാരമോ, ഉദ്ദേശപ്രകാരമോ) ചെയ്യുന്നില്ല. പാപികളുടെ വഴിയിൽ നടക്കുന്നില്ല (വ്യർത്ഥമായി, ഏല്പിച്ചുകൊടുത്തവനായി) പരിഹാസികളുടെ ഇരിപ്പടത്തിൽ ഇരിക്കുന്നില്ല (തളർന്നു വിശ്രമിക്കുന്നില്ല).

എന്നാൽ എന്റെ സന്തോഷവും ആഗ്രഹവും ദൈവത്തിന്റെ ന്യായപ്രമാണത്തിലാണ്. (നിയമങ്ങൾ, നിർദ്ദേശങ്ങൾ, ഉപദേശ

ങ്ങൾ) അവയെ ഞാൻ രാവും പകലും നിരന്തരമായി ധ്യാനിക്കുന്നു (പഠിക്കുന്നു).

ഞാൻ ആറ്ററികത്തു ഉറപ്പായി നട്ടിരിക്കുന്ന വൃക്ഷംപോലെ ഇല വാടാതെ, തക്കകാലത്തു ഫലം പുറപ്പെടുവിച്ചുകൊണ്ടുമിരിക്കും. ഞാൻ ചെയ്യുന്നതൊക്കെയും സാധിക്കും (അഭിവൃദ്ധിപ്പെടും, പൂർണ്ണതയുള്ളതായിരിക്കും) (സങ്കീ: 1:1-3).

ഈ ന്യായപ്രമാണ പുസ്തകത്തിലെ വചനങ്ങൾ എന്റെ വായിൽനിന്നു നീങ്ങിപോകയില്ല, രാവും പകലും അവയെ ധ്യാനിക്കും, അതിൽ എഴുതിയിരിക്കുന്ന പ്രകാരം ഞാൻ അവയെ അനുസരിക്കുകയും പ്രമാണിക്കുകയുംചെയ്യും. അങ്ങനെ ഞാൻ അഭിവൃദ്ധിപ്പെടുകയും വിവേകത്തോടെ പ്രവർത്തിച്ചു കൃതാർത്ഥനാകുകയും ചെയ്യും. (യോശുവാ 1:8) വചനം എനിക്ക് ഏറ്റവും അടുത്ത് എന്റെ വായിലും, എന്റെ മനസ്സിലും, എന്റെ ഹൃദയത്തിലുമാണ്. ആകയാൽ എനിക്കവയെ പ്രവർത്തിക്കാൻ കഴിയും. (ആവർത്തനം 30:14).

എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം അതിന്റെ ഉദ്ദേശത്തെ പൂർത്തിയാക്കിയിട്ടേ മടങ്ങി വരികയുള്ളൂ (അവനു ഹിതവും പ്രസാദകരവുമായ ഉദ്ദേശങ്ങൾ) (യെശ്ശയ്യാവ് 55:11).

"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവനായി (ദൈവവചനത്തിൽ) ആത്മാവാകുന്ന കർത്താവിന്റെ ദാനമായി ഞാൻ തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി. 3:18).

ദൈവവചനം സത്യമാണ്. ഞാൻ അതു പഠിക്കയും ധ്യാനിക്കയും ചെയ്യുമ്പോൾ ഞാൻ ആ സത്യം അറികയും, സത്യം

നിങ്ങളെ (എന്നെ) സ്വതന്ത്രരാക്കുകയും(നാക്കുകയും)ചെയ്യും (യോഹന്നാൻ 17:17; 8:32).

## അദ്ധ്യായം 1: ദൈവ സ്നേഹം

ഇതിലൊക്കെയും എന്നെ സ്നേഹിച്ചവൻ മുഖാന്തരം ഞാൻ പൂർണ്ണജയം പ്രാപിക്കുന്നു.

മരണത്തിനൊ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു എന്നെ വേർതിരിപ്പാൻ കഴികയില്ലെന്നു ഞാൻ ഉറച്ചിരിക്കുന്നു. (റോമർ 8:37-39).

"തന്റെ ഏകജാതനായ (അതുല്യനായ) പുത്രനിൽ വിശ്വസിക്കുന്ന (ആശ്രയിക്കുന്ന, പറ്റിച്ചേർന്ന) ഏവനും (ഞാൻ) നശിച്ചുപോകാതെ (നഷ്ടപ്പെട്ടു പോകാതെ) നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ (ക്രിസ്തുവിനെ) നൽകുവാൻ തക്കവണ്ണം ലോകത്തെ (എന്നെ) സ്നേഹിച്ചു." (യോഹ. 3:16).

യേശുക്രിസ്തു പിതാവിങ്കൽനിന്നു വന്നിരിക്കുന്നു എന്നു ഞാൻ വിശ്വസിച്ചതിനാൽ പിതാവു താനും എന്നെ സ്നേഹിക്കുന്നു (യോഹ. 16:27).

ഞാൻ യേശുക്രിസ്തുവിന്റെ കല്പനകൾ പ്രമാണിച്ചു അവനെ സ്നേഹിക്കുന്നു. അങ്ങനെ അവന്റെ കല്പനകൾ പ്രമാണിച്ച് ഞാൻ അവനെ സ്നേഹിക്കുന്നതിനാൽ പിതാവും എന്നെ സ്നേഹിക്കുന്നു, കൂടാതെ യേശുവും.

എന്നെ സ്നേഹിച്ചു തന്നെ എനിക്കു വെളിപ്പെടുത്തിത്തരുന്നു. (സ്വയം പ്രത്യക്ഷനാക്കുന്നു, കൂടുതൽ യാഥാർത്ഥ്യമായിതീരുന്നു.) (യോഹ. 14:21).

അവൻ എന്നെ ആദ്യമേ സ്നേഹിച്ചതിനാൽ ഞാനും അവനെ സ്നേഹിക്കുന്നു (1 യോഹ. 4:19).

"ദൈവമേ നിന്റെ ദയ (ദൃഢസ്നേഹം) എത്ര വിലയേറിയത് മനുഷ്യപുത്രന്മാർ (ഞാൻ) നിന്റെ ചിറകിൻ നിഴലിൽ അഭയം പ്രാപിക്കുന്നു." (സങ്കീ. 36:7).

"യഹോവേ, നീ എന്നെ ശോധന ചെയ്തു അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. എന്റെ വഴികളൊക്കെയും നിനക്കു മനസ്സലായിരിക്കുന്നു. യഹോവേ നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ചു, നിന്റെ കൈ (അനുഗ്രഹത്തിന്റെ കൈ) എന്റെമേൽ വെച്ചിരിക്കുന്നു."

ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതകമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു (വിശ്വസിക്കാൻ പ്രയാസം) നിന്റെ ആത്മാവിനെ ഒളിച്ചു എവിടേക്കു ഞാൻ പോകും? തിരുസന്നിധിവിട്ടു (ദൈവമേ നിന്നെ വിട്ട്) ഞാൻ എവിടടേക്കു ഓടും?

നീ എന്നെക്കുറിച്ചു നിരന്തരമായി ചിന്തിക്കുന്നതു (വിചാരിക്കുന്നത്) എത്ര വിലയുള്ളത്. ദിവസം എത്ര പ്രാവശ്യം നീഎന്നെ കുറിച്ചു വിചാരിക്കുന്നു എന്നു എണ്ണുവാൻ എനിക്കു കഴിയുന്നില്ല.

ഞാൻ ഉണരുമ്പോൾ (പ്രഭാതത്തിൽ) ഇനിയും നിന്റെ അടുക്കൽ ഇരിക്കുന്നു (അപ്പോഴും നീ എന്നെ കുറിച്ചു വിചാരിക്കുന്നു) (സങ്കീ. 139:1-7; 17, 18).

"അതുകൊണ്ട് യഹോവ എന്നോടു കരുണ കാണിപ്പാൻ താമസിക്കുന്നു (പ്രതീക്ഷിച്ചിരിക്കുന്നു, നോക്കി പാർക്കുന്നു) അതുകൊണ്ട് അവൻ ഉയർന്നിരിക്കുന്ന, എന്നോടു കരുണയും മനസ്സലിവും കാണിക്കേണ്ടതായി തന്നെ യഹോവ ന്യായത്തിന്റെ ദൈവമല്ലോ? ഞാൻ അവനായി (കാത്തിരിക്കുന്നതിനാൽ പ്രതീക്ഷയോടും, ആകാംക്ഷയോടുംകൂടെ അവന്റെ വിജയത്തിനും, പ്രസാദത്തിനും, സ്നേഹം, സന്തോഷം, അതുല്യമായതും, തകർന്നു പോകാത്തതുമായ കൂട്ടായ്മാബന്ധത്തിനായും) ഞാൻ ഭാഗ്യവാൻ (അഭയാർഹമായ ആനന്ദമനുഭവിക്കുന്നു)" (യെശയ്യാവ് 30:18).

"കർത്താവു എന്നെ അനാഥനായി വിടുകയില്ല (ആശ്രയമില്ലാത്തവനായി, സഹായമില്ലാതെ, ആശ്വാസമില്ലാതെ, ശൂന്യതയിൽ അലയുന്നവനുമായി) അവൻ എന്റെ അടുക്കൽ വരും." (യോഹന്നാൻ 14:18).

"എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചെങ്കിലും കർത്താവ് എന്നെ ചേർത്തുകൊള്ളും." (അവന്റെ മകനായി, മകളായി ദത്തെടുക്കും) സങ്കീർത്തനം 27:10.

"വിശ്വാസത്താൽ ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കുന്നു. (യഥാർത്ഥമായി, അവന്റെ വാസം എന്നിൽ സ്ഥിരമാക്കിയിരിക്കുന്ന) ഞാൻ അവന്റെ സ്നേഹത്തിൻ ആഴമായി വേരൂന്നി സുരക്ഷിതനായിരിക്കുന്നു."

“ആകയാൽ സകല വിശുദ്ധർക്കുമായി അവകാശിയുമായി പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എന്തെന്നു ഗ്രഹിപ്പാനും, ദൈവത്തിന്റെ എല്ലാ നിറവിനോളം (ദൈവസാന്നിദ്ധ്യത്തിന്റെ പ്രളയത്തെ ഉൾക്കൊള്ളുന്നവനായി) നിറഞ്ഞു നില്പാനും കഴിയുന്നു.” (എഫേ. 3:17-19).

പിതാവു ക്രിസ്തുവിനെ സ്നേഹിക്കുന്ന പ്രകാരം യേശു ക്രിസ്തു എന്നെയും സ്നേഹിക്കുന്നു. അതുകൊണ്ട് ഞാൻ അവന്റെ സ്നേഹത്തിൽ വസിക്കുന്നു. അവന് എന്നോടുള്ള സ്നേഹം പ്രത്യക്ഷമായത് തന്റെ ജീവിതം എനിക്കുവേണ്ടി നല്കിയതിലൂടെയാണ്.

“സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹം വേറെ ഇല്ല.” (യോഹ. 15:9,13).

ദൈവം തന്റെ സ്നേഹത്തെ എനിക്കായി പ്രദർശിപ്പിച്ചത് ഞാൻ പാപത്തിൽ ആയിരുന്ന അവസ്ഥയിൽ ക്രിസ്തു (മശിഹ അഭിഷിക്തൻ) എനിക്കുവേണ്ടി മരിച്ചതിലൂടെയാണ്. (റോമർ 5:8).

ദൈവത്തിന്റെ നിറഞ്ഞു കവിയുന്ന കൃപയും കരുണയും എന്നിലേക്കു പകർന്നത് തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താൽ എന്റെ പാപങ്ങളെ നീക്കി രക്ഷിച്ചതിലൂടെയാണ്. എന്തുകൊണ്ടെന്നാൽ അവൻ എല്ലാ സമയത്തും എന്നെ നന്നായി അറിഞ്ഞിരുന്നു. (എഫേ. 1:7).

“പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും എങ്കിലും അവന്റെ (ദൈവത്തിന്റെ) ദയയും സ്നേഹവും എന്നിൽനിന്നു മാറി പോകയില്ല; എന്തുകൊണ്ടെന്നാൽ യഹോവ എന്നോട് മനസ്സലിവു കാണിച്ചിരിക്കുന്നു.” (യെശയ്യാവ് 54:10).

“ദൈവം വിശ്വസ്തൻ” (ആശ്രയിക്ക തക്കവൻ, അവന്റെ വാഗ്ദത്തങ്ങളോട് വിശ്വസ്തത പുലർത്തുന്നു, ഞാൻ അവനിൽ ചാരുന്നു) (1 കൊരി 1:9).

“എൻ മനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.

അവൻ എന്റെ അകൃത്യങ്ങൾ എല്ലാം ക്ഷമിക്കുന്നു; സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.

അവൻ എന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു. അവൻ ദയയും കരുണയും (സ്നേഹംകൊണ്ട്) കൊണ്ട് എന്റെ തലയിൽ കിരീടം വയ്ക്കുന്നു.” (സങ്കീ. 103:1-4)

എന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകി വരത്തക്കവണ്ണം എന്റെ ജീവിതത്തെ നന്മകൊണ്ടു നിറയ്ക്കുന്നു. സകല പീഡിതന്മാർക്കുംവേണ്ടി നീതിയും ന്യായവും നടത്തുന്നു.

യഹോവ കരുണയും കൃപയും നിറഞ്ഞവനാകുന്നു, ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ. അവൻ എല്ലായിപ്പോഴും ഭർത്സിക്കയില്ല.

എന്നേക്കും കോപം സംഗ്രഹിക്കയില്ല. അകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു. ഉദയം അസ്മതയത്തോടെ അകന്നിരിക്കുന്നതുപോലെ അവർ എന്റെ ലംഘനങ്ങളെ എന്നോടു അകറ്റിയിരിക്കുന്നു. അപ്പനു മക്കളോടു കരുമ തോന്നുന്നതു പോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോടു (എന്നോടു) കരുണ തോന്നുന്നു. യഹോവയുടെ ദയയോ എന്നും എന്നേയ്ക്കും (നിത്യത മുതൽ നിത്യത വരെ) ഉള്ളത്. (സങ്കീ. 103:5,6,8,9,

11-13,17) "ഞാൻ യഹോവയിൽ ആശ്രയിക്കയാൽ അവന്റെ ദയ എന്നെ ചുറ്റിക്കൊള്ളും." (സങ്കീ. 32:10).

"ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും (അവന്റെ കൃപയുടെ മഹത്വത്തെ കുറിച്ചു നിരന്തരം സംസാരിക്കും) എന്നോടുള്ള അവന്റെ ദയയിൽ ഞാൻ പ്രശംസിക്കും. എളിയവൻ (നിരാശൻ) അതുകേട്ടു സന്തോഷിക്കും (ധൈര്യപ്പെടും) എന്നോടുചേർന്നു (നമുക്കൊത്തു ചേർന്നു) യഹോവയെ മഹിമപ്പെടുത്താം.

ഞാൻ യഹോവയോടു നിലവിളിച്ചു (അപേക്ഷിച്ചു) അവൻ എനിക്കുത്തരം അരുളി, എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി (അവർക്കുവേണ്ടി ചെയ്ത ദൈവത്തിന്റെ പ്രവർത്തി മൂലം) അവരാരും ത്യജിക്കപ്പെട്ടില്ല. (അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.) ഞാൻ യഹോവയോടു നിലവിളിച്ചു, യഹോവ കേട്ടു എന്റെ സകല കഷ്ടങ്ങളിൽനിന്നും എന്നെ വിടുവിച്ചു. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."

യഹോവ നല്ലവൻ - എന്നു രുചിച്ചറിവിൻ (പരീക്ഷിച്ചറിവിൻ) അവനെ ശരണം പ്രാപിക്കുന്നവരുടെമേൽ അവന്റെ കരുണയെ വർഷിക്കുന്നതായി ഞാൻ കണ്ടു (ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ) സങ്കീ. 34:1-8).

## അദ്ധ്യായം 2: നിങ്ങളുടെ ഭാവി

"അരിഷ്ടന്റെ ജീവനാൾ ഒക്കെയും കഷ്ടകാലം, എങ്കിലും

എനിക്കൊരു സന്തുഷ്ടഹൃദയം ഉള്ളതിനാൽ (എല്ലാ പ്രതികൂല ചുറ്റുപാടുകൾക്കും മദ്ധ്യത്തിൽ) എനിക്ക് എന്നും ഉത്സവമാണ്." (സദൃശ്യവാക്യങ്ങൾ 15:15).

"ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! ഞാൻ യഹോവയിൽ പ്രത്യാശവച്ചിരിക്കുകയാൽ എനിക്കു ധൈര്യം ഉണ്ട്, എന്റെ ഹൃദയം ഉറച്ചിരിക്കുന്നു. ഞാൻ യഹോവയെ പ്രതീക്ഷിച്ചും, പ്രത്യാശവച്ചും കാത്തിരിക്കുന്നു." (സങ്കീ. 27:13,14)

"ഞാൻ പ്രത്യാശിക്കുന്നശുഭഭാവി വരുവാൻ തക്കവണ്ണം യഹോവ എനിക്കുവേണ്ടി നിരൂപിക്കുന്നു. അതു തിന്മയ്ക്കായി ട്ടല്ല പിന്നയോ എന്റെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടിയെന്നു ഞാൻ പ്രത്യാശിക്കുന്നു." (യിരെമ്യാവ് 29:11).

"എന്റെ ആത്മാവേ (അകമേയുള്ള മനുഷ്യൻ) നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? (വാദഗതിയിൽ ആകുന്നത്) ഞാൻ യഹോവയിൽ പ്രത്യാശവച്ചു അവനായി പ്രതീക്ഷിക്കുന്നു. എന്റെ മുഖപ്രകാശ രക്ഷയായും, സഹായവുമായ ദൈവത്തെ ഇനിയും സ്തുതിക്കും." (സങ്കീ. 42:11).

"പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ." (റോമർ 5:5).

"യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു, യഹോവ കൃപയും മഹത്വവും നല്കുന്നു. ഞാൻ നേരോടെ നടക്കുന്നതിനാൽ ഒരു നന്മയും എനിക്കു മുടക്കുകയില്ല." (സങ്കീ. 84:11).

“എന്നിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാൾവരെയും (മടങ്ങിവരുന്നതുവരെ) അതിനെ തികയ്ക്കുന്നു.” (ഫിലിപ്പിയർ 1:6).

“ഞാൻ ദൈവത്തിന്റെ കൈപ്പണിയായി ക്രിസ്തുയേശുവിൽ പുനർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇത് അവന്റെ മുൻ നിർണ്ണയ പ്രകാരമുള്ള സൽപ്രവർത്തികൾ ഞാൻ ചെയ്യേണ്ടതിനായിട്ടും, അതിൽ കൂടെ ഒരു നല്ല ജീവിതം നയിക്കേണ്ടതിനുമായിട്ടാകുന്നു.” (എഫേ. 2:10).

“എല്ലാ കാര്യങ്ങൾക്കും, പ്രവർത്തികൾക്കും, ഒരു സമയം നിയമിച്ചിരിക്കുന്നു. ആകയാൽ ഞാൻ ദൈവത്തിന്റെ ശക്തിയുള്ള കരങ്ങൾക്കു കീഴിൽ താണിരിക്കുന്നു. തക്കസമയത്തു അവൻ എന്നെ ഉയർത്തും.” (സഭാപ്രസംഗി 3:17; 1 പത്രോസ് 5:6).

ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു (ദൈവത്തിന്റെ പദ്ധതി സാവധാനത്തിലും, നേരോടും തീർച്ചയായും സംഭവിക്കും) സമയം തെറ്റാതെ സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു

അതു വൈകിയാലും ഞാൾ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു. അതു വരും നിശ്ചയം (ഹബക്കൂക്ക് 2:3) “എന്റെ മുന്നിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിനായി ഓടിവന്ന എനിക്കു മാറി പോകാത്തതും ദൈവത്തിനു ഭോഷ്കു പറയാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിക്കുവാൻ ഇടയാകുന്നു. ആ പ്രത്യാശ എന്റെ ആത്മാവിന്റെ ഒരു നങ്കൂരം തന്നെയാണ്.” (എബ്രായർ 6:18,19).

ഞാൻ ഭയപ്പെടുന്നില്ല, മറിച്ച് ഉറപ്പോടെ നില്ക്കുന്നു, എന്തെന്നാൽ എന്റെ പ്രവർത്തികളിൽ ദൈവത്തിനു പങ്കാളിത്തം

ഉള്ളതിനാൽ എല്ലാം എനിക്കു നന്മയ്ക്കായി കൂടി വ്യാപരിക്കും. മാത്രവുമല്ല ഞാൻ ദൈവത്തെ സ്നേഹിക്കുന്നത് അവൻ നിർണ്ണയ പ്രകാരം, ഉദ്ദേശപ്രകാരം എന്നെ വിളിച്ചിരിക്കയാലാണ്. (റോമർ 8:28).

ഞാൻ ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി (എന്റെ ഉന്നതമായ പ്രാർത്ഥനകൾക്കും, ആഗ്രഹ ങ്ങൾക്കും, വിചാരങ്ങൾക്കും, ആശകൾക്കും അഥവാ സ്വപ്ന ങ്ങൾക്കും മേലായി) പ്രവർത്തിപ്പാൻ എന്റെ ദൈവം കഴിവുള്ളവ നാണ്. (എഫേസ്യർ 3:20).

യേശുക്രിസ്തുവിൽ ഞാൻ ദൈവത്തിന്റെ വകയായിതീർന്ന തിനാൽ അവനിൽ എനിക്കൊരു അവകാശവും ഉണ്ട്. ഇത് അവന്റെ ഉദ്ദേശപ്രകാരവും മുൻനിർണ്ണയപ്രകാരം അവന്റെ ഹിതത്തിന്റെ ആലോചനപ്രകാരവുമാകുന്നു. (എഫേസ്യർ. 1:11).

"ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളത് എന്റെ വായിൽനിന്നു നീങ്ങിപോകരുത്; അതിൽ എഴുതിയിരിക്കുന്നതു പോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് ഞാൻ അതു രാവും പകലും ധ്യാനിച്ചുകൊണ്ടിരിക്കേണം." (യോശുവ 1:8).

"ഞാൻ പ്രമാണിച്ചു നടക്കേണ്ടതിന് വചനം എനിക്കു സമീപ മായി എന്റെ വായിലും മനസ്സിലും, ഹൃദയത്തിലും ഇരിക്കുന്നു." (ആവർത്തനം 30:14).

"എന്റെ വായിൽനിന്നു പുറപ്പെടുന്നദൈവത്തിന്റെ വചനം ആയിരിക്കും, അതു വെറുതെ അവന്റെ അടുക്കലേക്കു മടങ്ങിവ രാതെ അവനു ഇഷ്ടമുള്ളതു നിവൃത്തിക്കും." (യെശയ്യാവ് 55:11).

"എന്റെ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവനായി ഞാൻ ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി. 3:18).

"ഞാൻ ഈ ലോകത്തിനു (യുഗത്തിൻ, ലോക വ്യവസ്ഥിതി, രീതികൾ എന്നിങ്ങനെ ബാഹ്യമായവ) അനുരൂപനാകാതെ സംമ്പൂർണ്ണ രൂപാന്തരം (മനോഭാവത്തിൽ, മനസ്സിനു മാറ്റം) പ്രാപിച്ച് നന്മയും, പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയും." (റോമർ 12:2).

"എന്നോട് ഈ മർമ്മത്തിന്റെ മഹിമാധനം എന്നത് അറിയിപ്പാൻ ദൈവത്തിനു ഇഷ്ടമായി ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു എന്നിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ." (കൊലേസ്യർ 1:27).

ദൈവത്തെപ്പോലെ ഞാൻ ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുമ്പോൾ ഞാനും തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലാണെന്നു പ്രസ്താവിക്കുകയാണ്. ആ കൂട്ടം ദൈവത്തിന്റെ രാജകീയ പുരോഗിതവർഗ്ഗവും സ്വന്ത ജനവുമായവരത്രേ. ഇതിനായി ഞാനും അന്ധകാരത്തിൽനിന്നു അത്ഭുതപ്രകാശത്തിലേക്കു വിളിക്കപ്പെട്ടിരുന്നു. അങ്ങനെ ഞാൻ അവന്റെ സൽഗുണങ്ങളുടെ സാക്ഷിയായിരിക്കുന്നു. (റോമർ 4:17; 1 പത്രോ. 2:9).

"എന്തുകൊണ്ടെന്നാൽ ഞാൻ കർത്താവിന്റെ വകയാണ്. അവൻ എന്നെ തന്റെ നിക്ഷേപമായി (പ്രത്യേക സമ്പത്ത്) വച്ചിരിക്കുന്നു. ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ അവൻ എന്നെ ആദരിക്കും." (മലാഖി 3:17).

അപ്പോസ്തലനായ പൗലൂസിനെപ്പോലെ ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല; ഒന്നു ഞാൻ ചെയ്യുന്നു പിന്നിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ലാക്കിലേക്കു ഓടുന്നു. അഥവാ ദൈവം ക്രിസ്തുവിൽ എന്നെ വിളിച്ച സർവ്വശ്രേഷ്ഠവും സ്വർഗ്ഗീയവുമായ പരമവിളിയുടെ ലാക്കിലേക്ക് ഓടുകയാണ്. (ഫിലിപ്പിയർ 3:13,14).

"മുൻപുള്ളവയെ ഞാൻ ഓർക്കുന്നില്ല, പണ്ടുള്ളവയെ നിരൂപിക്കുന്നുമില്ല."

"കണ്ടാലും ദൈവം പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും. അതേ അവൻ മരുഭൂമിയിൽ എനിക്കൊരു വഴിയും, വിജന പ്രദേശത്തു എനിക്കുവേണ്ടി നദികളും ഉണ്ടാക്കും." (യെശയ്യാവ് 43:18,19).

"എന്തുകൊണ്ടെന്നാൽ ഞാൻ ദൈവത്തിന്റെ വകയാകയാൽ അവൻ അവന്റെ നിമിത്തം എന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു. എന്റെ പാപങ്ങളെ ഓർക്കുകയുമില്ല." (യെശ. 43:25).

"ഞാൻ യഹോവയെ കാത്തിരിക്കയാൽ (പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു) ഞാൻ ശക്തിയെ പുതുക്കും. ഞാൻ കഴുകനെപ്പോലെ ചിറകടിച്ചു കയറും, ഞാൻ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും." (യെശയ്യാവ് 40:31).

ദൈവം വാഗ്ദത്തം ചെയ്തത് പ്രവർത്തിക്കുവാൻ ശക്തൻ എന്നതിൽ ഞാൻ പൂർണ്ണ സംതൃപ്തനും ഉറപ്പുള്ളവനുമാകുന്നു (റോമർ 4:21).

## അദ്ധ്യായം 3: ക്രിസ്തുവിൽ നിങ്ങളുടെ നീതി

“പാപം അറിയാത്തവനെ ഞാൻ അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ എനിക്കുവേണ്ടി പാപം ആക്കി (ഞാൻ എന്തായിത്തീരണമോ, അതാകേണ്ടതിനും, ദൈവവുമായുള്ള ശരി യായ ബന്ധത്തിലൂടെ സ്വീകരിക്കപ്പെടേണ്ടതിന്. (2 കൊരി 5:21).

“ദൈവമേ നിന്റെ നാമം പോലെ തന്നെ നിന്റെ സ്തുതിയും ഭൂമിയുടെ അറ്റത്തോളം എത്തുന്നു. നിന്റെ വലങ്കൈയിൽ നീതി (നീതിയും ന്യായവും) നിറഞ്ഞിരിക്കുന്നു.” (സങ്കീ. 48:10).

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമി ല്ലാത്തവനായി (നിന്ദിക്കപെടാത്ത)രിക്കേണ്ടതിനു അവൻ എന്നെ അവസാനത്തോളം ഉറപ്പിക്കും (ശക്തിനൽകും. എല്ലാ കുറ്റാരോ പണങ്ങൾ എതിരെ എന്റെ നിരപാധിത്വത്തിന്റെ ഗാരന്റിയും ആകുന്നു).

“നീതിയ്ക്കു വിശന്നു ദാഹിക്കുന്ന (ദൈവത്തോടുകൂടെ ശരിയായ നില്പിന്) ഞാൻ (രക്ഷിക്കപ്പെട്ട - വീണ്ടും ജനനം പ്രാപിച്ച ദൈവപൈതൽ) ഭാഗ്യവാൻ (സന്തോഷവാനും ആത്മി യമായി അഭിവൃദ്ധി പ്രാപിക്കുന്നവനും) എന്തുകൊണ്ടെന്നാൽ ഞാൻ പൂർണ്ണ സംതൃപ്തി പ്രാപിക്കും.” (മത്തായി 5:6).

“ഞാൻ എന്റെ ഭാരങ്ങൾ കർത്താവിന്റെ മേൽ ഇടുന്നു. അവൻ എന്നെ പുലർത്തും, നീതിമാൻ കുലുങ്ങിപോകുവാൻ (തെന്നിപോ കാൻ, വീണു പോകാൻ, പരാജയപ്പെടാൻ) ഒരിക്കലും അവൻ സമ്മതിക്കയില്ല.” (സങ്കീ. 55:22).

ബൈബിൾ എനിക്കുവേണ്ടികൂടി എഴുതിയിരിക്കുന്നതാണ്. അതു നിമിത്തം എന്റെ അതിക്രമങ്ങൾക്കായി മരണത്തിന് ഏല്പി

ക്കയും എന്റെ നീതി കാരണത്തിനായി ഉയർപ്പിക്കയും ചെയ്ത നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച ദൈവത്തിൽ വിശ്വസിപ്പാൻ കഴിഞ്ഞു. (റോമർ 4:24).

അതുകൊണ്ട് വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം എനിക്കു ദൈവത്തോടു സമാധാനം ഉണ്ട് (നിരപ്പിലൂടെ ലഭിക്കുന്ന സന്തോഷം) (റോമർ 5:1).

"പരമാർത്ഥതയിൽ നടക്കുന്നതിനാൽ ഞാൻ നീതിമാനാണ്. എന്റെ ശേഷം എന്റെ മക്കളും ഭാഗ്യവാന്മാരായിരിക്കും" (അസൂയാർഹമായ, സന്തോഷമുള്ള, അനുഗ്രഹീതമായ) (സദൃശ്യവാക്യങ്ങൾ 20:7).

"ഞാൻ നീതിമാൻ ആയിരിക്കയാൽ എന്റെ രക്ഷ യഹോവയിങ്കൽനിന്നു വരുന്നു. കഷ്ടകാലത്ത് അവൻ എന്റെ ദുർഗ്ഗം ആകുന്നു." (സങ്കീ. 37:39) എനിക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല. ന്യായവിസ്താരത്തിൽ എനിക്കു വിരോധമായി എഴുന്നേൽക്കുന്ന എല്ലാനാവിനെയും നീ കുറ്റം വിധിക്കും എന്റെ നീതിയേയും സമാധാനത്തേയും സുരക്ഷിതത്വത്തെയും പ്രതിയോഗികളുടെ മുമ്പിൽ തെളിയിച്ച് അവർ തെറ്റുകാരന്ന് കാണിക്കും.

യഹോവയുടെ ദാസനായ എന്റെ അവകാശവും നീതിയും ഇതു തന്നെ ആക്കുന്നു. (യോശു. 54:17) ഞാൻ യഹോവയോടു ചേർന്നു നീതിമാനായിരിക്കയാൽ അവന്റെ കണ്ണ് എന്റെ മേലും അവന്റെ ചെവി എന്റെ നിലവിളിക്കും തുറന്നിരിക്കുന്നു.

നീതിമാനായ ഞാൻ സഹായത്തിനായി നിലവിളിക്കുന്നു. യഹോവ കേട്ട് സകല കഷ്ടങ്ങളിൽനിന്നും എന്നെ വിടുവിച്ചു.

നിരവധി കഷ്ടങ്ങൾ (ദോഷങ്ങൾ) എനിക്കു വിരോധമായിട്ടുണ്ട് എങ്കിലും ഞാൻ നീതിമാനാകയാൽ അവയിൽ നിന്നെല്ലാം യഹോവ വിടുവിക്കുന്നു.

യഹോവയുടെ (കർത്താവിന്റെ) ദാസനായ എന്റെ പ്രാണനെ അവൻ വീണ്ടു കൊള്ളുന്നു. ഞാൻ അവനിൽ ശരണപ്പെടുകയും സങ്കേതപ്പെടുകയും ചെയ്യുന്നതിനാൽ ശിക്ഷ അനുഭവിക്കയില്ല (കുറ്റം ആരോപിച്ച് ശിക്ഷാവിധി നടത്തുകയില്ല (കുറ്റം ആരോപിച്ച് ശിക്ഷാവിധി നടത്തുകയില്ല.) (സങ്കീ. 34:15,17,19,22) ഞാൻ നീതിയിൽ സ്ഥിരപ്പെടും (ദൈവഹിതത്തിലും അവന്റെ ചട്ടങ്ങളിലും) ഞാൻ പീഢനത്തിൽനിന്ന് വിദൂരത്തിൽ ആയിരിക്കും. ഞാൻ ഭയപ്പെടുകയില്ല.

ഭീഷണി എന്നോടു അടുത്തുവരാതെ ഞാൻ അവയിൽ നിന്ന് അകന്നിരിക്കുക. (യെശ. 54:14) "ഞാൻ നീതിമാൻ ആയിരിക്കയാൽ ബാലസിംഹം പോലെ നിർഭയമായിരിക്കും." (സദൃശ്യവാക്യങ്ങൾ 28:1).

"എന്റെ മഹാപുരോഹിതൻ എന്റെ ബലഹീനതകളിൽ (പരീക്ഷയിൽ അകപ്പെടാനുള്ള എന്റെ ക്ഷയിച്ച വികാരങ്ങൾ) സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; അവൻ പാപം ഒഴികെ സർവ്വത്തിലും എനിക്കു തുല്യമായി പരീക്ഷിക്കപ്പെട്ട വനാകുന്നു."

അതുകൊണ്ട് കരുണ ലഭിപ്പാനും (ദൈവത്തിന്റെ പ്രസാദം അർഹതയില്ലാത്തവന്) തത്സമയത്ത് സഹായത്തിനുള്ള കൃപ (എന്റെ പരാജയത്തിൽ ദൈവസിംഹാസനത്തിൽ നിന്നും ഉടനടി ലഭിക്കുന്നത്) ഗ്രസിപ്പാനുമായി ധൈര്യത്തോടെ ഞാൻ കൃപാസനത്തിന്റെ (ദൈവസിംഹാസനം) അടുത്തുചെല്ലുന്നു (എബ്രായർ 4:15,16).

"യേശുക്രിസ്തുവിന്റെ രക്തത്താൽ നീതികരിക്കപ്പെട്ട ശേഷം (ദൈവവുമായുള്ള ശരിയായ ബന്ധം) ഞാൻ അവനാൽ എത്ര അധികമായി ദൈവകോപത്തിൽ (ക്രോധം) നിന്നു രക്ഷിക്കപ്പെടും." (റോമർ 5:9).

"ഞാൻ ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും (ദൈവഭയമില്ലാത്തവരുടെ പദ്ധതിയും ഉദ്ദേശവും ഉപദേശവും) പാപികളുടെ (നിഷ്ഫലപ്രവർത്തികൾ ചെയ്യുന്ന ദോഷികളായവർ) വഴിയിൽ നിൽക്കാതെയും, പരിഹാസികളുടെ (ദുഷിക്കുന്നവരും, നിന്ദിക്കുന്നവരുമായ ദുഷ്ടമനുഷ്യർ) ഇരിപ്പിടത്തിൽ ഇരിക്കാതെയും (വിശ്രമിക്കാതെ, ആശ്വാസം തേടാതെ) യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവന്റെ ന്യായപ്രമാണത്തെ (ചട്ടങ്ങൾ, ഉപദേശങ്ങൾ, നിയോഗങ്ങൾ) രാപ്പകൽ ധ്യാനിക്കുന്നതിനാൽ ഞാൻ ഭാഗ്യവാനാണ് (അസൂയാർഹമായ അഭിവൃദ്ധിയും, സന്തോഷവും) ഞാൻ ആറ്ററികത്തു നട്ടിരിക്കുന്നതും, തക്കകാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലിരിക്കും."

ആകയാൽ ഞാൻ ചെയ്യുന്നതൊക്കെയും സാധിക്കും. (എല്ലാ പ്രവർത്തികളും പൂർണ്ണതയിൽ എത്തുകയും, അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും). (സങ്കീർത്തനം 1:1-3) ഈ ന്യായപ്രമാ പുസ്തകത്തിലുള്ളതു എന്റെ വായിൽനിന്നു നീങ്ങിപ്പോകരുത്. അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് ഞാൻ അവയെ രാവും പകലും ധ്യാനിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് എന്റെ പ്രവർത്തികൾ അഭിവൃദ്ധിയിലേക്കും പൂർണ്ണതയിലേക്കും നീങ്ങും. ഞാൻ വിവേകത്തോടെ പ്രവർത്തിക്കുന്നതിനാൽ കൃതാർത്ഥനാകും. (നല്ല വിജയംപ്രാപിക്കും) (യോശുവ 1:8).

“യഹോവയുടെ നാമം ബലമുള്ള ഗോപുരം, നീതിമാനായ ഞാൻ (നേരുള്ളവനും, ദൈവത്തോടുകൂടെ നിൽക്കുന്നവനും) അതിലേക്ക് ഓടിച്ചെന്ന് അഭയം (സുരക്ഷിതത്വം) പ്രാപിക്കുന്നു.” (സദൃശ്യവാക്യങ്ങൾ 18:10).

“അവന്റെ കാലത്ത് (ക്രിസ്തുവിന്റെ നാളിൽ) നീതിമാന്മാർ തഴയ്ക്കട്ടെ. ചന്ദ്രൻ ഉള്ളിടത്തോളം എന്റെ സമാധാനം സമൃദ്ധിയുള്ളതായിരിക്കട്ടെ.” (സങ്കീ. 72:7).

“ഇതാകുന്നു ദൈവം എന്നോടു ചെയ്ത നിയമം: അവൻ തന്റെ ന്യായപ്രമാണത്തെ എന്റെ ഹൃദയത്തിൽ എഴുതുകയും എന്റെ മനസ്സിലും (ആഴമേറിയ ചിന്തകളിലും ഗ്രഹണശക്തിയിലും) അവയെ പതിപ്പിച്ചു.”

എന്റെ പാപങ്ങളെയും അകൃത്യങ്ങളെയും (നിയമലംഘനം) അവൻ ഇനിമേൽ ഓർക്കുകയുമില്ല.

“പാപങ്ങൾക്കു പരിപൂർണ്ണ മോചനം (പാപക്ഷമയും ശിക്ഷാ വിധിക്ക് ഇളവും) ഉള്ളതുകൊണ്ട് അവയ്ക്കായി മറ്റൊരു പ്രായശ്ചിത്തയാഗം ആവശ്യമില്ല.” (എബ്രായർ. 10:16-18).

“അതുകൊണ്ട് യേശു മഹാപുരോഹിതനായി തന്റെ ദേഹം എന്ന തിരശീല (വിശുദ്ധമന്ദിരവും അതിവിശുദ്ധ സ്ഥലവും തമ്മിൽ വേർപിരിക്കുന്നത്, മനുഷ്യനും ദൈവവുമായിട്ടുള്ള വേർപാട്) യിൽ കൂടെ എനിക്കു തുറന്നു തന്ന ജീവനുള്ള പുതുവഴിയായി, തന്റെ (യേശുവിന്റെ) രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും” (സ്വാതന്ത്ര്യവും) ലഭിച്ചു. (എബ്രായർ 10:19,20).

“പാപം അറിയാത്ത ക്രിസ്തുവിനെ എനിക്കുവേണ്ടി

ദൈവം പാപം ആക്കിയത് ഞാൻ അവനിൽ കൂടെ ദൈവത്തിന്റെ നീതി ആകേണ്ടതിന് (അവന്റെ നന്മയാൽ സ്വീകാര്യമായ ദൈവികബന്ധത്തിൽ നില്ക്കേണ്ടതിന്) വേണ്ടി ആയിരുന്നു." (2 കൊരിന്ത്യർ 5:21).

## അദ്ധ്യായം 4: ഭയത്തെ അതിജീവിക്കുന്നു

"ദൈവം എനിക്കു ഭീരുത്വത്തിന്റെ ആത്മാവിനെയല്ല (പേടി കുടിലൻ, ചുണകെട്ടവൻ, വാലാട്ടി നിൽക്കുക, കീഴ്പെടുത്തുക) ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും (ശാന്തവും, ക്രമവും, ശിക്ഷണവും, സ്വയ നിയന്ത്രണവും) ആത്മാവിനെയത്രേ തന്നത്." (2 തിമോഥയോസ് 1:7).

"ഞാൻ യഹോവയോട് (കർത്താവിനോട്) നിലവിളിച്ചു (അപേക്ഷിച്ചു, അന്വേഷിച്ചു) അവന്റെ ആധികാരികമായ വചനത്തെക്കുറിച്ച് അറിവാൻ) അവൻ കേട്ട് എനിക്കുത്തരം അരുളുകയും എന്റെ സകല ഭയങ്ങളിൽനിന്നും വിടുവിക്കുകയും ചെയ്തു." (സങ്കീർത്തനം 34:4).

"എന്റെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്." (ഞാൻ സ്വയം കലങ്ങി പോകാതിരിക്കാൻ അങ്ങനെയുള്ള അസ്ഥിരതയ്ക്കു തടയിരുന്നു) (യോഹ. 14:27) "ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ (കർത്താവിൽ ആശ്രയിക്കും) ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴും."

"ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴ്ത്തും; ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന് (ജഡീക മനുഷ്യന്) എന്നോട് എന്തു ചെയ്യാൻ കഴിയും." (സങ്കീ. 56:3,4).

“ദൈവം എന്നോട് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല, ചുറ്റും നോക്കി ഭ്രമിക്കുകയില്ല. അവൻ എന്നെ ശക്തീകരിക്കും. എന്നെ സഹായിക്കും, തന്റെ നീതിയുള്ള വലങ്കൈ കൊണ്ട് എന്നെ താങ്ങും.” (യെശയ്യാവ് 41:10).

ദൈവം സ്വയം പറയുന്നു: “ഞാൻ നിന്നെ ഒരുനാളും (ഒരു പ്രകാരത്തിലും) കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. (സഹായമില്ലാത്തവനായി) ഞാൻ തീർച്ചയായും, ഞാൻ തീർച്ചയായും, ഞാൻ തീർച്ചയായും, ഒരു പ്രകാരത്തിലും കൈവിടുകയോ, ഉപേക്ഷിക്കുകയോ ചെയ്കയില്ലെന്നു ഉറപ്പു തന്നിരിക്കുന്നതിനാൽ ഞാൻ അവനിൽ വിശ്രമിക്കുകയാണ്.”

ആകയാൽ കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല, മനുഷ്യനു എന്നോടു എന്തു ചെയ്യും? (എബ്രായർ 13:5,6).

“എന്റെ ദൈവമായ കർത്താവ് വലങ്കൈ പിടിച്ചു എന്നോടു ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു.” (യെശയ്യാവ് 41:13)

“ദൈവം എന്റെ പങ്കാളിയായി തീർന്നിരിക്കുവാൻ ഞാൻ ഭയപ്പെടുകയില്ല, ഞാൻ ദൈവത്തെ സ്നേഹിക്കുന്നതിനായും, അവന്റെ ഉദ്ദേശപ്രകാരം വിളിക്കപ്പെട്ടിരിക്കയാലും സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.” (റോമർ 8:28).

എന്നെ സൃഷ്ടിച്ച ദൈവം പറയുന്നു “ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്റെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ (വലിയ കുഴപ്പങ്ങൾ) ഞാൻ നിന്നോടു

കൂടെ ഇരിക്കും; നീ നദികളിൽ കൂടി കടക്കുംമ്പോൾ (നദി സമാന പ്രയാസങ്ങൾ) അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടി നടന്നാൽ (അഗ്നിസമാന പീഢനങ്ങൾ) വെന്തു പോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല." (യെശ്ശയ്യാവ്. 43:1-3).

"ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു." (ഞാൻ ഭയപ്പെടുകയില്ല, എന്തെന്നാൽ ഭയത്തിനു ദണ്ഡനം ഉണ്ട്, എന്നാൽ ദൈവം എനിക്കു തന്ന സൗജന്യപ്രവേശനം മൂലം എനിക്കു ധൈര്യവും ആശ്രയവും ഉണ്ട്.

ആകയാൽ ഞാൻ ഭയംമൂലം ഹൃദയത്തിൽ ക്ഷീണിച്ചു മടുത്തുപോകുന്നില്ല (1 യോഹന്നാൻ 4:18; എഫേസ്യർ 3:12,3).

"ദൈവം എന്റെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്തായിരിക്കുന്നു. അതു കൊണ്ട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും ഞാൻ ഭയപ്പെടുകയില്ല." (സങ്കീ. 46:1,2).

"ഞാൻ പോകുന്നേടത്തൊക്കെയും എന്റെ ദൈവമായ കർത്താവു എന്നോടു കൂടെ ഉള്ളതുകൊണ്ട് ഞാൻ ഉറപ്പും ധൈര്യവുമുള്ളവൻ ആയിരിക്കും, ഭയപ്പെടുകയില്ല, ഭ്രമിക്കയുമില്ല." (യോശുവ 1:9).

"യഹോവയുടെ ദൃഷ്ടി എന്റെ മേലുണ്ട്. എന്തുകൊണ്ടെന്നാൽ അവന്റെ ഭക്തനാണ് ഞാൻ.

അവന്റെ ദയയ്ക്കായും മനസ്സലിവിനായും പ്രത്യാശിക്കുന്നു." (സങ്കീ. 33:18).

“ഞാൻ നാളെക്കായി വിചാരപ്പെടുന്നില്ല; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ. അതാതു ദിവസത്തിൽ അന്നന്നത്തെ ക്ലേശം മതി.” (മത്താ. 6:34).

“ഞാൻ ഭയപ്പെടുകയില്ല ഭ്രമിക്കയുമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ലജ്ജിച്ചും നാണിച്ചും പോകയില്ല. നീ എന്റെ യൗവ്വനത്തിലെ ലജ്ജയും, വൈധവ്യത്തിലെ നിന്ദയും ഞാൻ മറക്കും അവയെ ഓർക്കുകയുമില്ല, എന്തെന്നാൽ എന്റെ സൃഷ്ടാവാകുന്നുഎന്റെ ഭർത്താവ്, സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം, എന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നെ. സർവ്വഭൂമിയുടെയും ദൈവം എന്നവൻ വിളിക്കപ്പെടുന്നു.” (യെശയ്യാവ് 54:4).

ഞാൻ പരീക്ഷിക്കപ്പെട്ട് ഭയത്തിനും മനോഭീതിക്കും അടിമയാകുമ്പോൾ ഞാൻ എന്നോടു തന്നെ പറയും, “ധൈര്യപ്പെടുവീൻ, നിന്റെ ദൈവം വരുന്നു പ്രതികാരവും ദൈവത്തിന്റെ പ്രതിഫലവുമായി അവൻ വന്നു നിന്നെ രക്ഷിക്കും.” (യെശയ്യാവ് 35:4).

ഞാൻ ഭയപ്പെടുകയില്ല, എന്തെന്നാൽ ദൈവം എനിക്കു ഉറപ്പു തന്നിട്ടുണ്ട്. അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ അകത്തെ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശക്തിയോടെ ബലപ്പെടുന്നു (എഫേ. 3:16).

“ഞാൻ യഹോവയെ മഹിമപ്പെടുത്തും എന്തെന്നാൽ ഞാൻ അവനോടു നിലവിളിച്ചു, അവൻ കേട്ട് ഉത്തരം അരുളുകയും സകല ഭയത്തിൽനിന്നും എന്നെ വിടുവിക്കയും ചെയ്തു.” (സങ്കീർത്തനം 34:3,4).

"ഞാൻ ഭയപ്പെടുകയില്ല എന്തെന്നാൽ സ്നേഹത്തിൽ ഭയമില്ല, മാത്രമല്ല തികഞ്ഞ സ്നേഹം (വളർച്ച പ്രാപിച്ചത്) ഭയത്തെ പുറത്താക്കുകയും ചെയ്യുന്നു. ഭയം അതിന്റെ ശിക്ഷാവിധി അഥവാ ദണ്ഡനവുമായിട്ടാണ് വരുന്നത്. എന്നാൽ സ്നേഹത്തിന്റെ പൂർണ്ണവളർച്ചയിലേക്ക് ഞാൻ എത്തിയിരിക്കുകയാൽ ഭയപ്പെടുന്നില്ല." (1 യോഹ 4:18).

"യഹോവ എന്റെ വെളിച്ചവും രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? കർത്താവു എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്നെ നശിപ്പിക്കുവാൻ നോക്കുമ്പോൾ ഇടറി വീഴും ഒരു സൈന്യം എന്റെനേരെ പാളയം ഇറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല, ദൈവം എന്നെ രക്ഷിക്കും എന്നെനിക്കുറപ്പുണ്ട്."

"അനർത്ഥങ്ങൾ വരുമ്പോൾ അവൻ എന്നെ ഒളിപ്പിക്കും ശത്രുവിന്റെ കൈ എത്താത്തവിധം പാറയുടെ ഉയരങ്ങളിൽ എന്നെ ഉയർത്തും. ആകയാൽ ഞാൻ യഹോവയ്ക്കു പാടി കീർത്തനം ചെയ്യും. എന്റെ യാഗങ്ങളെ അവനു കഴിക്കും." (സങ്കീ. 27:1-3,5,6).

"ഞാൻ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ തിരിച്ചറിയാനും എന്റെ ദൈവത്തിന്റെ മുൻപാകെ എന്നെ തന്നെ താഴ്ത്തേണ്ടതിനും മനസ്സുവച്ച ആദ്യം ദിവസം മുതൽ അവൻ എന്റെ വാക്കു കേൾക്കയും അതിൻ പ്രകാരം തന്റെ ദൂതനെ അയയ്ക്കുകയും ചെയ്തിരിക്കുന്നു." (ദാനിയേൽ 10:12).

ഭരണാധിപന്മാരും അധികാരികൾക്കും മുമ്പിൽ എന്നെകൊണ്ടു പോകുമ്പോൾ എങ്ങനെയോ എന്തോ പ്രതിപാദിക്കേണ്ടൂ, എന്തു

പറയേണ്ടൂ എന്നോർത്തു ഞാൻ ഭയപ്പെടുകയില്ല. പറയേണ്ടതു പരിശുദ്ധാത്മാവ് ആ നാഴികയിൽ തന്നെ എനിക്കു പറഞ്ഞുതരും (പഠിപ്പിക്കും) ലൂക്കോസ് 12:11).

“യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു: സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേയ്ക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു. തിരുനാമം നിമിത്തം നീതി പാതകളിൽ എന്നെ നടത്തുന്നു.”

മരണനിഴലിൻ താഴ്വരയിൽകൂടെ (കൂരിരുൾ പാത) നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. കർത്താവു എന്നോടുകൂടെ ഇരിക്കുന്നു; അവന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു. എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിൻതുടരും. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും. (സങ്കീർത്തനം 23:1-6).

## പര്യവസാനം: ഉറച്ചു നിൽക്കുന്നു

“സ്വാതന്ത്ര്യത്തിനായി ക്രിസ്തു എന്നെ സ്വതന്ത്രനാക്കിയിരിക്കയാൽ ഞാൻ അതിൽ ഉറച്ചു നില്ക്കും; ആകയാൽ വീണ്ടും അടിമനുകത്തിൻ ഞാൻ കുടുങ്ങി പോകയില്ല.” (ഗലാത്യർ 5:1).

"അതുകൊണ്ട് മഹാപ്രതിഫലമുള്ള എന്റെ ധൈര്യം തള്ളിക്കളകയില്ല."

ദൈവഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത എനിക്കാവശ്യം (എബ്രായർ 10:35,36).

# പ്രസ്ത്യാവ്യം

വേദഭാഗങ്ങളോടു കൂടെ രേഖപ്പെടുത്തിയിരിക്കുന്ന അടയാളങ്ങൾ വിവിധ തർജ്ജിമകളെ കാണിക്കുന്നു.

(കെ.ജെ.വി) - *കിംഗ്സ് ജയിംസ് വേർഷ്യൻ* (റ്റി എൽ ബി) - ലിവിംഗ് ബൈബിൾ 1971. റ്റിൻഡൻ ഹൗസ് പബ്ലിഷേർസ്, ഇൻകാ, വിറ്റൻ, ഇല്ലിനോയിസ്, 60189 ഓൾ റൈറ്റ്സ് റിസേർവ്ഡ് (എൻ എ എസ്സ്) *ന്യൂ അമേരിക്കൻ സ്റ്റാൻഡാർഡ് ബൈബിൾ,* കോപ്പിറൈറ്റ് ദ ലോക്മാൻ ഫൗണ്ടേഷൻ 1960, 1962, 1963, 1968, 1971, 1972, 1973, 1975, 1977 അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു.

# രക്ഷിക്കപ്പെടുവാനുള്ള പ്രാർത്ഥന

ദൈവം താങ്കളെ സ്നേഹിക്കുന്നു, മാത്രമല്ല താങ്കളുമായി വ്യക്തിപരമായ ഒരു ബന്ധം ആഗ്രഹിക്കുന്നു. താങ്കൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതവായി ഇതുവരെയും സ്വീകരിച്ചിട്ടില്ലെങ്കിൽ നിങ്ങൾക്ക് അത് ഇപ്പോൾ ചെയ്യുവാൻ കഴിയും. ദൈവത്തോട് ഹൃദയം തുറന്ന് ഈ പ്രാർത്ഥന ചൊല്ലുക.

“പിതാവേ, അങ്ങേക്ക് വിരോധമായി പാപം ചെയ്തു എന്നു ഞാൻ അറിയുന്നു. ദയവായി ക്ഷമിക്കണമേ. എന്നെ കഴുകി ശുദ്ധികരിക്കണമേ. അങ്ങയുടെ പുത്രനായ യേശുവിൽ ആശ്രയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. യേശു എനിക്കു വേണ്ടി മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. യേശു എന്റെ പാപങ്ങൾ വഹിച്ചു കൊണ്ട്, ക്രൂശിൽ മരിക്കുകയും, മൂന്നാം ദിവസം മരണത്തിൽ നിന്നും ഉയിർത്തു എന്നും ഞാൻ വിശ്വസിക്കുന്നു. പ്രിയ പിതാവേ, അങ്ങ് തന്ന പാപക്ഷമക്കായും നിത്യജീവനുമായി അങ്ങേക്ക് നന്ദി പറയുന്നു. അങ്ങേക്ക് വേണ്ടി

ജീവിക്കുവാൻ എന്നെ സഹായിക്കണമേ. യേശുവിന്റെ നാമത്തിൽ അമേൻ.”

ഈ പ്രാർത്ഥന ഹൃദയംഗമമായി നിങ്ങൾ പ്രാർത്ഥിച്ചതിനാൽ ദൈവം നിങ്ങളെ സ്വീകരിച്ച്, ശുദ്ധീകരിച്ച് ആത്മീയ മരണത്തിന്റെ ശക്തിയിൽ നിന്നും നിങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. താങ്കളുടെ പുതിയ ജീവിതത്തിൽ, യേശുവിനോടു കൂടെയുള്ള യാത്രയിൽ ദൈവം താങ്കളോടു സംസാരിക്കേണ്ടതിനായി ഈ വേദ ഭാഗങ്ങൾ വായിക്കുവാനും, പഠിക്കുവാനും പ്രാർത്ഥിക്കുവാനും സമയമെടുക്കുക.

യോഹന്നാൻ 3:16
1 കൊരിന്ത്യർ 15:3-4
എഫസ്യേർ 1:4
എഫേസ്യർ 2:8-9
1 യോഹന്നാൻ 1:9
1 യോഹന്നാൻ 4:14-15
1 യോഹന്നാൻ 5:1
1 യോഹന്നാൻ 5:12-13

യേശുവിനോടുള്ള ബന്ധത്തിൽ ആത്മീയമായി വളരുന്നതിന് ബൈബിൾ വിശ്വസിക്കുന്ന ഒരു ആത്മീയ കൂട്ടായ്മ കണ്ടെത്തുന്നതിന് പ്രാർത്ഥിക്കുക. ദൈവം താങ്കളോടു കൂടെയുണ്ട്. ദൈവം താങ്കൾക്കു നല്കിയിരിക്കുന്ന സമൃദ്ധിയായ ജീവനിൽ നടക്കുവാൻ ദൈവം സഹായിക്കും.

# ഗ്രന്ഥകർത്താവിനെ കുറിച്ച്

പ്രായോഗികമായി ദൈവവചനം പഠിപ്പിക്കുന്നതിൽ ലോകത്തിൽ തന്നെ മുന്നിട്ടു നില്ക്കുന്ന വ്യക്തിയാണ് ജോയിസ് മേയർ. 'എൻജോയിംങ്ങ് എവരിഡേ' എന്ന ടെലിവിഷൻ റേഡിയോ പ്രോഗ്രാമിലൂടെ ലോകമെമ്പാടുമുള്ള അനേകർ ദൈവവചനം ശ്രവിക്കുന്നു.

ആത്മീയ പ്രചോദനത്തിനുതകുന്ന നൂറിലധികം പുസ്തകങ്ങൾ ജോയിസ് രചിച്ചിട്ടുണ്ട്. ഗോഡ് ഈസ് നോട്ട് മാഡ് അറ്റ് യു; മേക്കിംങ്ങ് ഗുഡ് ഹാബിറ്റ്സ്, ബ്രേക്കിങ്ങ്, ബാഡ് ഹാബിറ്റ്; ഡു യുവർ സെൽഫ് എ ഫെവർ...ഫോർഗീവ്; ലിവിംങ്ങ് ബിയോണ്ട് യുവർ ഫീലിംങ്ങ്; പവർ തോട്ട്സ്; ബാറ്റിൽ ഫിൽഡ് ഓഫ് ദ മൈൻഡ്; എന്നിവ അവയിൽ ചിലതാണ്.

ജോയിസ് ലോകമെമ്പാടും കോൺഫറൻസ് സംഘടിപ്പിച്ച് അനേകായിരങ്ങളോട് സംസാരിച്ചു കൊണ്ടിരിക്കുന്നു.

To contact the author in the United States, please write:
Joyce Meyer Ministries
P.O. Box 655,
Fenton, Missouri 63026
or call: (636) 349-0303
or log on to: www.joycemeyer.org

**Go to tv.joycemeyer.org**
**to watch Joyce's messages in a variety of languages**

To contact the author in India, please write:
Joyce Meyer Ministries
Plot No. 512/B, Road No. 30,
Jubilee Hills, Hyderabad - 500 033
or call: 2300 6777
or log on to: www.jmmindia.org

# നിന്റെ ജീവിതത്തെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ കാത്തിരിപ്പ്!



ദൈവം നിന്നെ സ്നേഹിക്കുന്നു, നിന്റെ ജീവിതത്തിനുവേണ്ടി അതിമനോഹരവും, മഹത്വമുള്ളതുമായ ഒരു പദ്ധതി അവൻ തയ്യാറാക്കിയിരിക്കുന്നു. നിന്റെ ജീവിതത്തിന്റെ ഭാവിക്കുവേണ്ടി ഒരു വിശേഷാൽ പദ്ധതി ദൈവത്തിനുണ്ടെന്നുള്ള കാര്യം വിശ്വസിക്കാൻ ചിലപ്പോൾ പ്രയാസമായിരിക്കും. നിന്റെ ഭൂതകാല പ്രവർത്തികളോ, ദൈവസന്നിധിയിൽ നീ അയോഗ്യനാണെന്നുള്ള ചിന്തയോ ആയിരിക്കാം ഇതിനു കാരണം. എന്നാൽ ഇന്നു തന്നെ നിന്നെ കണ്ടെത്തുവാൻ ദൈവം ആഗ്രഹിക്കുന്നു; ആകയാൽ പ്രത്യാശ കൈവിടരുത്. ഈ പുസ്തകത്തിൽ നിനക്കൊരു മറുപടി ഉണ്ട്. ഈ പുസ്തക താളുകളിൽ നിന്റേതായ സ്വരൂപത്തിന് മാറ്റം വരുത്തി ദൈവത്തിന്റേതായ സ്വരൂപത്തിൽ എങ്ങനെ ആയിതീരാമെന്നാണ് ജോയ്സ് മേയർ വെളിപ്പെടുത്തുന്നത്. നിന്നെക്കുറിച്ചു ദൈവം പറയുന്നതു വിശ്വസിക്കുമ്പോഴാണ് നിന്റെ ഇപ്പോഴത്തെയും, ഭാവിലെയും അവസ്ഥയ്ക്കു അത്ഭുതകരമായ വ്യതിയാനം സംഭവിക്കുന്നതും ദൈവത്തിന്റെ സ്വർഗ്ഗീയമായ നിർണ്ണയം നിന്നിൽ വെളിപ്പെടുന്നതും, അപ്പോൾ ഭയത്തിനുമേൽ എങ്ങനെ വിജയം നേടാമെന്നും ദൈവത്തിൽ ആശ്രയിച്ച് ഭാവിയുടെ ദൈവിക നിർണ്ണയത്തിന്റെ ഉറപ്പ് എങ്ങനെ പ്രാപിക്കാമെന്നും പഠിക്കുന്നത്.

ദൈവത്തിന്റെ വചനം ഇന്നുതന്നെ നിന്നിൽ അതിന്റെപ്രവർത്തി ആരംഭിക്കട്ടെ. ദൈവത്തിന്റെ അതിശക്തമായ സ്നേഹം നിന്നിലേക്ക് പ്രവഹിച്ച് നിന്റെ തകർന്ന ഹൃദയത്തിൽ സൗഖ്യം നല്കേണ്ടതിന് ഇപ്പോൾ തന്നെ അനുവദിക്കുക.

JOYCE MEYER
MINISTRIES®
Sharing Christ – Loving People

Plot No. 512/B, Road No. 30
Jubilee Hills, Hyderabad - 500 033